# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 31–ാം വാർഷിക പൊതുയോഗം

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 31–ാമത് വാർഷിക പൊതുയോഗം 2022 ഓഗസ്റ്റ് 13–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് പി.ഒ.സി.യിൽവച്ച് നടത്തപ്പെടുന്നതാണ്. സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിലായിരിക്കും പൊതുയോഗം.

## കാര്യപരിപാടി

| | |
|---|---|
| പ്രാർഥന | |
| സ്വാഗതം | – **ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ**<br>(വൈസ് ചെയർമാൻ, കെ.സി.ബി.എസ്.) |
| അനുസ്മരണ പ്രാർഥനാശുശ്രൂഷ | |
| അധ്യക്ഷപ്രസംഗം | – **റൈറ്റ് റവ.ഡോ.ജെയിംസ് ആനാപറമ്പിൽ**<br>(ചെയർമാൻ, കെ.സി.ബി.എസ്.) |
| ആശംസ | – **റവ. ഫാ. ജേക്കബ് പാലക്കാപ്പിള്ളി**<br>(ഡയറക്ടർ, പി.ഒ.സി.) |
| റിപ്പോർട്ടുകൾ | – **റവ. ഡോ. ജോജു കോക്കാട്ട്**<br>(സെക്രട്ടറി, കെ.സി.ബി.എസ്) |
| വാർഷിക കണക്കുകൾ | – **റവ. സി. ആഗ്നസ് ജോർജ്** CTC<br>(ട്രഷറർ, കെ.സി.ബി.എസ്) |
| ഓഡിറ്ററുടെ നിയമനം | |
| തിരഞ്ഞെടുപ്പ് | |
| ചർച്ചകൾ | |
| നന്ദി | – **ശ്രീമതി കെച്ചുത്രേസ്യ സൈമൺ**<br>(ജോ. സെക്രട്ടറി, കെ.സി.ബി.എസ്.) |

| | |
|---|---|
| **ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ**<br>വൈസ് ചെയർമാൻ | **ഡോ. ജോജു കോക്കാട്ട്**<br>സെക്രട്ടറി |
| **സി. ആഗ്നസ് ജോർജ് CTC**<br>ട്രഷറർ | **ശ്രീമതി കൊച്ചുത്രേസ്യ സൈമൺ**<br>ജോ.സെക്രട്ടറി |

## ബൈബിൾ സൊസൈറ്റിക്കു വേണ്ടിയുള്ള പ്രാർഥന

*വചനത്താൽ സർവവും സൃഷ്ടിച്ച പിതാവേ, അങ്ങേക്കു സ്തുതി. മാംസം ധരിച്ച വചനമേ, അങ്ങേക്ക് ആരാധന. വചനത്തിനു കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, അങ്ങേക്കു മഹത്ത്വം.*

*'പാദത്തിനു വിളക്കും പാതയിൽ പ്രകാശവു'മായ വചനം ജീവിതവീഥിയിൽ ഞങ്ങൾക്കു വഴികാട്ടിയാകട്ടെ! തമസ്സിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽനിന്നു സത്യത്തിലേക്കും മൃതിയിൽനിന്ന് ജീവനിലേക്കുമുള്ള ഞങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തിയാലും. തിന്മയുടെ ഗർത്തത്തിൽനിന്നു നന്മയുടെ തീരങ്ങളിലേക്കും ദു:ഖദുരിതങ്ങളുടെ മരുഭൂമിയിൽനിന്നു സംതൃപ്തിയുടെ നീരുറവകളിലേക്കും അസമാധാനത്തിന്റെ യുദ്ധഭൂവിൽനിന്ന് സമാധാനത്തിന്റെ പൂവാടിയിലേക്കും ഞങ്ങൾ നീങ്ങട്ടെ.*

*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളെന്നനിലയിൽ ഞങ്ങളുടെ കടമകൾ ഭംഗിയായി നിറവേറ്റുവാൻ ഞങ്ങൾക്കു കഴിയട്ടെ. വചനം വായിക്കാനും ധ്യാനിക്കാനും ഗ്രഹിക്കാനും ജീവിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കണമേ. സഭാമക്കൾ എല്ലാവരും സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നതിനും ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസസാക്ഷ്യമായി ഞങ്ങളുടെ പ്രവർത്തനങ്ങൾ മാറുന്നതിനും ഇടയാക്കണമേ. എല്ലാ സൊസൈറ്റി അംഗങ്ങളിലും സാരഥികളിലും വചനപ്രചോദിതമായ ഉണർവും പ്രേഷിതതീക്ഷ്ണതയും ഉളവാക്കണമേ. തിരുവചനോപാസകരായി, പരസ്നേഹനിർഭരരായി സഭയിലും ലോകത്തിലും ഞങ്ങൾ വളരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, ആമ്മേൻ.*

# ബൈബിൾ ഞായർ 2021
# അഭിവന്ദ്യ പിതാവിന്റെ സന്ദേശം
# സംക്ഷിപ്തരൂപം



മരണത്തിന്റെ നിഴലിൽ കഴിയുന്ന ജനത്തിന് പ്രകാശത്തിന്റെ പ്രതീക്ഷ നല്കുന്നതുപോലെ (യോഹ 1,5) മനുഷ്യനായി അവതരിച്ച ദൈവ വചനം ലോകത്തിന് പ്രത്യാശയുടെ സദ്വാർത്തയാണ്. മഹാമാരിയുടേയും വിവിധങ്ങളായ പ്രതിസന്ധികളുടെയും നടുവിൽ ആശ്വാസത്തിന്റെ പൊൻകിരണമാണ് ദൈവവചനം പ്രദാനം ചെയ്യുന്നത്.

ദൈവവചനത്തിന്റെ ഈ ലക്ഷ്യം പൂർത്തിയാകുന്നത്, എല്ലാ ഹൃദയങ്ങളിലും അതിന് ഇടംലഭിക്കുമ്പോഴാണ്. അതിർവരമ്പുകളും പ്രതിസന്ധികളും ഈ സദ്വാർത്തയുടെ ഗമനത്തിന് പ്രതിബന്ധങ്ങളാകുന്നില്ല.

ഈ വചനത്തിന് കാതുകൊടുത്താണ് സഭ സ്വർഗീയ ജറുസലേം ലക്ഷ്യമാക്കി മുന്നേറുന്നത്. വഴിയും സത്യവും ജീവനുമായ (യോഹ 14,6) ദൈവവചനം ലോകത്തെ സജീവമാക്കുന്നു, ഊർജസ്വലമാക്കുന്നു. (ഹെബ്രാ 4,12). വചന മാർഗദർശനത്തിന്റെ ചൈതന്യത്തിൽ ആത്മനവീകരണത്തിന്റെ വഴിയിലൂടെ ഒരു പുത്തൻ ചുവടുവയ്പ്പിനായി നമ്മുക്കൊരുങ്ങാം.

കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ പി.ഒ.സി. സമ്പൂർണബൈബിൾ പ്രസിദ്ധീകരിച്ചിട്ട് നാല്പത് വർഷം കഴിയുന്നു. ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ മൂല ഭാഷകളോട് ചേർത്ത്നിർത്തി മലയാളം ബൈബിൾ തർജ്ജമയുടെ പരിഷ്കരണത്തിന്റെ അവസാനഘട്ടത്തിലാണ് നാമായിരിക്കുക. പരിഷ്കരിച്ചപുതിയനിയമം പഠനബൈബിളായി വിജയകരമായി പ്രസിദ്ധീകരിച്ചു. മൂലഭാഷയോട് അടുത്തുനിൽക്കുന്ന ഈ പുതിയ പതിപ്പ് ദൈവവചനത്തിന്റെ അർഥതലങ്ങളിലേക്ക് കടന്നുചെല്ലാൻ എല്ലാവരെയും സഹായിക്കും. ഈ വർഷത്തെ ബൈബിൾ ഞായർ ആചരണത്തിലൂടെ വചനത്തിന്റെ സ്പന്ദനം സമൂഹത്തിൽ അലയടിക്കുന്നതിനും പ്രതീക്ഷയുടെ പൊൻകിരണമായി മാറുന്നതിനും ഇടവരട്ടെ. വചനത്തിൽ ആഴപ്പെട്ട് "സദ്വാർത്തയുടെ" പ്രേക്ഷിതരും പ്രതീക്ഷയുടെ വക്താക്കളുമാകാൻ വചനമായ യേശുവിൽനിന്നുള്ള അനുഗ്രഹങ്ങൾ പ്രാർഥിച്ചുകൊണ്ട്.

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2021–2022 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചു പ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990-ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 31 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 30-ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

## യോഗങ്ങൾ

2021-2022 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (11 സെപ്റ്റംബർ 2021) അഞ്ച് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (4 ജൂൺ 2021; 7 സെപ്റ്റംബർ 2021; 25 നവംബർ 2021; 18 മാർച്ച് 2022; 27 മാർച്ച് 2022) അഞ്ച് മാനേജിംഗ് കൗൺസിൽ യോഗങ്ങളും (11 ജൂൺ 2021; 7 സെപ്റ്റംബർ 2021; 27 സെപ്റ്റംബർ 2021; 25 നവംബർ 2021; 18 മാർച്ച് 2022) ചേർന്നു.

### 1. എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിംഗ് 04.06.2021

04.06.2021 ൽ, കൂടിയ എക്സിക്യൂട്ടിവ് കൗൺസിലിലെ തീരുമാനങ്ങൾ 11.06.2021ൽ കൂടിയ മാനേജിംഗ് കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച് തീരുമാനങ്ങൾ കൈക്കൊണ്ടു.

### 2. മാനേജിംഗ് കൗൺസിൽ മീറ്റിംഗ് 11.6.2021

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 11.06.21ന് ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഓൺലൈനായി കൂടുകയുണ്ടായി. നാല്പത്തിമൂന്നുപേർ മീറ്റിംഗിൽ പങ്കെടുത്തു. ജോയിന്റ് സെക്രട്ടറി ശ്രീമതി. കൊച്ചുത്രേസ്യ സൈമണിന്റെ പ്രാർഥനയോടെ യോഗം ആരംഭിച്ചു. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ളവർക്ക് വീണ്ടും ഒന്നിച്ചുകൂടുവാൻ ഓൺലൈൻ മീറ്റിംഗിലൂടെ സാധിച്ചതിന്റെ സന്തോഷം പങ്കുവച്ചാണ് വൈസ് ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ തന്റെ സ്വാഗതപ്രസംഗം ആരംഭിച്ചത്. നമ്മുടെ ലക്ഷ്യം ബൈബിൾ പഠിക്കുകയും ജീവിക്കുകയും ആണെന്ന് ശ്രീ. ജിസ്മോൻ സ്വാഗതപ്രസംഗത്തിൽ ഓർമിപ്പിച്ചു. കൊറോണക്കാലം ഇങ്ങനെ നീണ്ടുപോകുമ്പോൾ നമ്മെ തോല്പിക്കാതെ നമുക്ക് കൊറോണയെ തോല്പിച്ച് മുന്നേറണം എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. തുടർന്ന് ചെയർമാൻ പിതാവിനും സെക്രട്ടറി ജോൺസണച്ചനും ജോയിന്റ് സെക്രട്ടറി ശ്രീമതി. കൊച്ചുത്രേസ്യ സൈമണിനും മീറ്റിംഗിൽ പങ്കെടുത്ത മറ്റെല്ലാവർക്കും സ്വാഗതം ആശംസിച്ചു.

അതിനുശേഷം സിസ്റ്റർ ആഗ്നസ് ജോർജ് കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് വായിച്ചു. യോഗമത് പാസാക്കി. റിപ്പോർട്ട് അവതരണത്തിനുശേഷം അഭിവന്ദ്യ പിതാവ് അഭിസംബോധന ചെയ്ത് സംസാരിച്ചു. പ്രത്യാശയും നിർഭയത്വവും നല്കുന്ന 91-ാം സങ്കീർത്തനം ഉദ്ധരിച്ചുകൊണ്ട് എല്ലാ സാഹചര്യങ്ങളെയും നേരിടാം എന്ന് പിതാവ്

പറഞ്ഞു. ബൈബിൾ കമ്മീഷന്റെ കീഴിൽ പലതരം കോഴ്സുകൾ നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നും കൊറോണക്കാലമായതുകൊണ്ടാണ് ഒന്നും സാധ്യമാകാത്തതെന്നും പിതാവ് പറയുകയുണ്ടായി. പി.ഒ.സി. ബൈബിളിന്റെ നാല്പതാം വർഷത്തിൽ പുതിയ തർജമ അനുസരിച്ചുള്ള ബൈബിൾ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് പിതാവ് പറഞ്ഞു.

തുടർന്ന് ചർച്ചയായിരുന്നു. ബൈബിൾ പഠനരംഗത്ത് ഏറ്റവും മികച്ച സംഭാവനകൾ വചനസർഗപ്രതിഭാ അവാർഡിനായി നിർദേശിക്കാം എന്ന് സെക്രട്ടറിയച്ചൻ പറയുകയുണ്ടായി. പഠനബൈബിൾ കൂടുതൽ പേരിലേക്ക് പ്രത്യേകിച്ച് മതാധ്യാപകരിലേക്ക് എത്തിക്കുന്നത് വളരെ നല്ലകാര്യമാണെന്നും മാനേജിംഗ് കൗൺസിൽ അംഗങ്ങൾ ഇതിനെ പ്രോത്സാഹിപ്പിക്കണമെന്നും സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു.

പുതിയതായി ചാർജെടുത്ത ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർമാരെ ജോൺസണച്ചൻ സ്വാഗതം ചെയ്തു. സെക്രട്ടറിയച്ചൻ ചർച്ചയ്ക്കായ് എക്സിക്യൂട്ടിവ് യോഗത്തിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങൾ വിവരിച്ചു. ലോഗോസ് ക്വിസ് വചനം എത്തിക്കാനും ജീവിക്കാനും സഹായിക്കുന്ന ഉപാധി എന്ന നിലയ്ക്ക് എല്ലാവർക്കും പങ്കെടുക്കാൻ പറ്റുന്ന സാഹചര്യത്തിൽ നടത്താമെന്നും അഥവാ പറ്റിയില്ലെങ്കിൽ ഓരോ രൂപതയിൽനിന്നും രണ്ടോ മൂന്നോ പേരെ തിരഞ്ഞെടുത്ത് ഓരോ കേന്ദ്രങ്ങളിൽ വച്ച് പരീക്ഷ നടത്തി, ഫൈനൽ പരീക്ഷ നടത്താമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. ഫാമിലി ബൈബിൾക്വിസ് നടത്തുന്നതിനെക്കുറിച്ച് ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ പറഞ്ഞു. ലോഗോസിന് സമാന്തരമായി വേറൊരു പരീക്ഷ നടത്താം എന്ന അഭിപ്രായമുണ്ടായി. ഓരോ രൂപതയുടേയും വൈദികർ അവരവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ സെക്രട്ടറി അച്ചൻ പങ്കുവച്ചു. ഡിസംബർ മാസത്തിൽ എല്ലാം നിയന്ത്രണ വിധേയമാകും എന്ന പ്രതീക്ഷയിൽ കുട്ടികളുടെ പരീക്ഷകൂടി കണക്കിലെടുത്തുകൊണ്ട് ആ മാസം തന്നെ നടത്താം എന്നും പുതിയ രജിസ്ട്രേഷൻ ഒക്ടോബർമാസം നടത്താം എന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. പരീക്ഷ അപ്പോൾ നടത്താൻ സാധിച്ചില്ലായെങ്കിൽ രൂപതയിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നവരെ വച്ചുകൊണ്ട് പി.ഒ.സി.യിൽ വച്ച് ഫൈനൽ പരീക്ഷ നടത്താമെന്നും സെക്രട്ടറിയച്ചൻ കൂട്ടിച്ചേർത്തു. ഒക്ടോബർമാസം ആദ്യം ഒന്നുകൂടി മാനേജിംഗ് കൗൺസിൽ കൂടി തീരുമാനിക്കാമെന്ന് വൈസ്ചെയർമാൻ അഭിപ്രായപ്പെട്ടു.

രൂപതകളിലെ ബൈബിൾ സംബന്ധിയായ പ്രവർത്തനങ്ങൾ ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കുവച്ചു. മറ്റുള്ളവർക്കും അത് പ്രചോദനമാകുമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. പാലാ രൂപതയുടെ ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ രചനാമത്സരങ്ങളെക്കുറിച്ചും വെബിനാർ സംഘടിപ്പിക്കുന്നതിനെക്കുറിച്ചും പറഞ്ഞു. അതിനുവേണ്ടതു ചെയ്യണമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീ. ആന്റണി കോതമംഗലം, ബൈബിൾ പണ്ഡിതരെ വച്ചുകൊണ്ടുള്ള ക്ലാസുകൾ നടത്തുന്നതിനെപ്പറ്റി പറഞ്ഞു.

തുടർന്ന് സെക്രട്ടറിയച്ചൻ നന്ദി പറഞ്ഞു. സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഊർജസ്വലതയോടെ നില്ക്കുന്ന ചെയർമാൻ പിതാവിനും അല്മായരുടെ ഭാഗത്തുനിന്ന് നേതൃത്വം കൊടുക്കുന്ന വൈസ് ചെയർമാൻ ശ്രീ. ജിസ്മോനും ജോയിന്റ് സെക്രട്ടറി ശ്രീമതി. കൊച്ചുത്രേസ്യ സൈമണിനും മറ്റെല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് മീറ്റിംഗ് വൈകീട്ട് 4.30ന് അവസാനിച്ചു.

### 3. എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിംഗ് 07.09.2021

07.09.2021 ചൊവ്വാഴ്ച കൂടിയ എക്സിക്യുട്ടിവ് കൗൺസിലിലെ തീരുമാനങ്ങൾ അന്നേദിവസം 4മണിക്ക് ചേർന്ന മാനേജിംഗ് കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ചു തീരുമാനങ്ങൾ കൈക്കൊണ്ടു.

### 4. മാനേജിംഗ് കൗൺസിൽ മീറ്റിംഗ് 07.09.2021

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം സെപ്റ്റംബർ 7-ാംതിയതി വൈകീട്ട് 4.00 മണിക്ക് ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിൽ ഓൺലൈനായി കൂടുകയുണ്ടായി. യോഗത്തിൽ 42 പേർ പങ്കെടുത്തു. ബഹു. സെബാസ്റ്റ്യൻ കുറ്റിയാനിക്കലച്ചന്റെ പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു.

കൊറോണയുടെ അസ്വസ്ഥതകൾ ഇന്നും ചുറ്റുമുണ്ടെങ്കിലും എല്ലാവരും വളരെ ആരോഗ്യത്തോടെ ആയിരിക്കുന്നതിന് ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ടാണ് വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ തന്റെ സ്വാഗതപ്രസംഗമാരംഭിച്ചത്. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് വളരെ തീക്ഷ്ണതയോടെ നേതൃത്വം നല്കുന്ന ചെയർമാൻ അഭിവന്ദ്യ ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവിനും തുടർന്ന് പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളിക്കും സെക്രട്ടറി ഡോ. ജോൺസൺ പുതുശ്ശേരി അച്ചനും ജോയിന്റ് സെക്രട്ടറി കൊച്ചുത്രേസ്യ സൈമണിനും ട്രഷറർ സി. ആഗ്നസ് ജോർജിനും മീറ്റിംഗിൽ പങ്കെടുക്കുന്ന മറ്റെല്ലാ അംഗങ്ങൾക്കും ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ സ്വാഗതം ആശംസിച്ചു.

തുടർന്ന്, ഓൺലൈൻ മാധ്യമംവഴി വചനപ്രഘോഷണം സാധിക്കുന്നതിന്റെ സന്തോഷം പങ്കുവച്ച് ചെയർമാൻ പിതാവ് അധ്യക്ഷപ്രസംഗം ആരംഭിച്ചു. നാം വചനത്തിനുവേണ്ടി ജനിക്കപ്പെട്ടവരും വചനത്താൽ ശുദ്ധീകരിക്കപ്പെട്ടവരും വചനത്തിന്റെ ചൈതന്യത്തിൽ ജീവിക്കേണ്ടവരുമാണെന്ന് പിതാവ് ഓർമിപ്പിച്ചു.

പി.ഒ.സി. ഡയറക്ടർ ജേക്കബ് പാലയ്ക്കാപ്പിള്ളിയച്ചൻ തന്റെ ആശംസാപ്രസംഗത്തിൽ ബൈബിൾ സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങളും പ്രത്യേകിച്ച് പുതുതായി തുടങ്ങിയ ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള ക്ലാസുകളും രൂപതകളിലെ ബൈബിൾ പ്രവർത്തനങ്ങളും മറ്റും വളരെ പ്രശംസനീയമാണെന്ന് പറയുകയുണ്ടായി. കൂടാതെ ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ബൈബിൾ കോളേജ് എന്നൊരാശയം കൂടി അച്ചൻ മുന്നോട്ടു വച്ചു. മറ്റ് സഭക്കാർ ചെയ്യുന്നതുപോലെ വചനം പഠിക്കുവാനും വ്യാഖ്യാനിക്കുവാനും നമ്മുടെ ആളുകൾക്ക് സാധിക്കുന്നില്ല എന്നും ബൈബിൾ കോളേജിലൂടെ ഈ കഴിവ് വളർത്തിയെടുക്കാമെന്നും ഡയറക്ടർ അച്ചൻ പറയുകയുണ്ടായി.

തുടർന്ന് ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യ സൈമൺ കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് വായിച്ചു. യോഗം അത് പാസാക്കി. റിപ്പോർട്ടിനുശേഷം സി.ആഗ്നസ് ജോർജ് 2020-21ലെ ഓഡിറ്റ് ചെയ്ത കണക്ക് അവതരിപ്പിച്ചു. അതിനുശേഷം സെക്രട്ടറിയച്ചൻ കണക്കിനെപ്പറ്റി വിശദീകരണം നല്കി. പഴക്കംകൊണ്ട് ഉപയോഗശൂന്യമായതും വെള്ളംകയറി നനഞ്ഞതുമായ പുസ്തകങ്ങളും ബൈബിൾ സംബന്ധമായ പടങ്ങളും ഓഡിറ്ററുമായി ചർച്ചചെയ്ത് സ്റ്റോക്കിൽനിന്ന് മാറ്റിയിട്ടുണ്ട്

എന്നും ഡി.എച്ച്.എഫ്.എൽ ൽ നിക്ഷേപിച്ച തുകയിൽ 2 കോടിയോളം തിരിച്ചുകിട്ടിയെന്നും ഇനി 1 കോടി 19 ലക്ഷം രൂപ കൂടി കിട്ടാനുണ്ടെന്നും അച്ചൻ അറിയിച്ചു. ഇൻസോൾവൻസി പ്രോസ്സസ് തീരുമാനമനുസരിച്ച് സ്ഥിരനിക്ഷേപകർക്ക് 23 ശതമാനമാണ് തിരികെ ലഭിക്കുന്നത്. ഈ തീരുമാനത്തിനെതിരെ സ്ഥിരനിക്ഷേപകർ കൊടുത്തിരിക്കുന്ന കേസ് തീർപ്പാകുന്നതനുസരിച്ച് തുക ലഭിക്കുന്നതാണ്. ഇപ്പോഴത്തെ നിലയനുസരിച്ച് ഏകദേശം 80 ലക്ഷം രൂപയുടെ നഷ്ടമുണ്ടാകും. ഇത് ഏകദേശം അവരിൽനിന്ന് 2013 മുതൽ ഇതുവരെ കിട്ടിയ പലിശയ്ക്കു തുല്യമാണ്. കിട്ടാനുള്ള തുക കണക്കിൽ എപ്രകാരം ചേർക്കണമെന്നതിനെപ്പറ്റിയുള്ള അഭിപ്രായം മാനേജിംഗ് കൗൺസിലിൽ സെക്രട്ടറിയച്ചൻ ആരാഞ്ഞു. കിട്ടാനുള്ള തുക ക്രെഡിറ്റ് ആയശേഷംമാത്രം ബാക്കി തുക നഷ്ടമായി ചേർക്കുക എന്ന എക്സിക്യുട്ടിവ് മീറ്റിംഗിൽ ഉയർന്നുവന്ന അഭിപ്രായം സെക്രട്ടറി അച്ചൻ അവതരിപ്പിച്ചു. മാനേജിംഗ് കൗൺസിൽ അംഗങ്ങൾ ഇതേ അഭിപ്രായം പങ്കുവച്ചു. ഇത് ജനറൽബോഡിയിൽ അവതരിപ്പിക്കാൻ തീരുമാനിച്ചു. മെച്ചപ്പെട്ട വിധി വന്നാൽ കൂടുതൽ തുക കിട്ടുമെന്ന് അഭിവന്ദ്യ പിതാവ് പ്രത്യാശ പ്രകടിപ്പിച്ചു. തുടർന്ന് സി. ആഗ്നസ് ജോർജ് ബഡ്ജറ്റ് അവതരിപ്പിച്ചു. ബഡ്ജറ്റ് യോഗം പാസാക്കി.

തുടർന്ന് ചർച്ചയായിരുന്നു. രൂപതയിൽ ബൈബിളിന്റെ പ്രവർത്തനത്തിൽ ഇടുക്കി രൂപത ചെയ്യുന്ന കാര്യങ്ങൾ എല്ലാവർക്കും മാതൃകയാണെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ഈ വർഷം രൂപതയിൽ ബൈബിൾ വർഷമായി ആചരിക്കുകയും മതാധ്യാപകർക്കും കുട്ടികൾക്കും ബൈബിൾ പഠിക്കാനുള്ള വിവിധ പരിപാടികൾ അവർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഗ്രീക്കുപഠനക്ലാസ്സും അവർ ആരംഭിക്കുന്നുണ്ട്. പാലക്കാട് രൂപതയിൽ 3500പേരെ ചേർത്ത് മൂന്നുമാസംകൊണ്ട് മുഴുവൻ ബൈബിൾ വായിച്ചു തീർക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ട് എന്ന് ജെയിംസ് ചക്യത്ത് അച്ചൻ അറിയിച്ചു.

പ്രൊഫ. ആലീസുകുട്ടി സ്കൂൾ ഓഫ് ഇവാഞ്ചലൈസേഷൻ എന്ന ഒരാശയം മുന്നോട്ടുവച്ചു. ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അത്തരമൊരു മുന്നേറ്റം യഥാർഥമായ ആത്മീയത വളർത്താൻ നല്ലതാണെന്ന് ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ അഭിപ്രായപ്പെട്ടു. പ്രാരംഭമായി സ്പിരിചാലിറ്റി കോഴ്സുകൾ സംഘടിപ്പിക്കാമെന്നും പിന്നീടത് വളർത്തിയെടുക്കാൻ സാധിക്കുമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. സ്പിരിചാലിറ്റി കോഴ്സുകൾ ജനുവരിയോടുകൂടി സംഘടിപ്പിക്കാമെന്ന് കരുതുന്നുവെന്നും ബൈബിൾ സൊസൈറ്റി മെമ്പേഴ്സിന് ഫീസിൽ ഇളവുകൾ നല്കാമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീ. പി.കെ ജോസഫ്, വിദേശമിഷനറിമാർ ഒത്തിരി സംഭാവനകൾ നമുക്ക് നല്കിയിട്ടുണ്ടെന്നും പക്ഷേ അവരെക്കുറിച്ച് നമ്മുടെ നാട്ടിൽ പലർക്കും അറിയില്ലെന്നും പറയുകയുണ്ടായി. സെബാസ്റ്റ്യനച്ചൻ ഈ അഭിപ്രായത്തോട് യോജിക്കുകയും ഇതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണ വളർത്തിയെടുക്കാൻ ബൈബിൾസൊസൈറ്റി പി.ഒ.സി.യുമായിച്ചേർന്ന് ചർച്ച ചെയ്യുന്നത് നല്ലതാണെന്നും സെബാസ്റ്റ്യനച്ചൻ കൂട്ടിച്ചേർത്തു. ആലപ്പുഴ രൂപതയുടെ ഫാ. സോളമൻ ചാരങ്ങാട്ടും ഈ ആശയത്തെ പിന്താങ്ങി.

മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീ. ജോയ് എൻ. ലാസർ മലയാളം ബൈബിൾ വരുന്നതിനുമുമ്പുള്ള അർണോസ് പാതിരിയുടെ ഗദ്യഭാഷയിലുള്ള പതിപ്പ് സൊസൈറ്റി മുൻകൈയെടുത്ത് പ്രസിദ്ധീകരിക്കുന്നത് നല്ലതാണെന്ന് അഭിപ്രായപ്പെട്ടു. ജെസ്യൂട്ട് ഫാദേഴ്സുമായി ഇതിനെപ്പറ്റി സംസാരിക്കേണ്ടതുണ്ടെന്ന് സെക്രട്ടറിയച്ചൻ മറുപടി നല്കി.

സാഹിത്യരചനാമത്സരത്തിലും വചനസർഗപുരസ്കാരത്തിനും ആളുകളെ പങ്കെടുപ്പിക്കാൻ മാനേജിംഗ് കൗൺസിൽ അംഗങ്ങൾ കൂടുതൽ താല്പര്യം എടുക്കണമെന്ന അഭിപ്രായമുണ്ടായി. ജനറൽബോഡി മീറ്റിംഗ് സെപ്റ്റംബർ 11 ശനിയാഴ്ചയാണെന്നും പരിചയമുള്ള സൊസൈറ്റി മെമ്പേഴ്സിന് ലിങ്ക് അയച്ചുകൊടുക്കണമെന്നും സെക്രട്ടറി അച്ചൻ ഓർമിപ്പിച്ചു.

ചർച്ചയ്ക്കുശേഷം സെക്രട്ടറിയച്ചൻ കൃതജ്ഞത പ്രകാശിപ്പിച്ചു. ബൈബിൾ തർജമ അവസാനഘട്ടത്തിലായിരിക്കുന്ന ഈ അവസരത്തിൽ മീറ്റിംഗ് ദിവസം രാവിലെ മുതൽ റിവിഷൻ ടീമിനോട് ഒപ്പമായിരുന്ന ചെയർമാൻ പിതാവിന് സെക്രട്ടറിയച്ചൻ നന്ദി പറഞ്ഞു. തുടർന്ന് ബൈബിൾ സൊസൈറ്റിക്ക് കുടുംബസമേതം പിന്തുണ നല്കുന്ന വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കലിനും തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യ സൈമണിനും ഓഫീസ് കാര്യങ്ങൾ വളരെ ചിട്ടയായി ചെയ്യുന്ന സി. ആഗ്നസ് ജോർജിനും നന്ദി പറഞ്ഞു. രൂപതകളിൽ അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന എല്ലാ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർക്കും നിസ്വാർഥമായ സഹകരണം നല്കുന്ന മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്കും അച്ചൻ നന്ദി പ്രകാശിപ്പിച്ചു. 5.15ന് പ്രാർഥനയോടെ യോഗം അവസാനിപ്പിച്ചു.

**5. 30-ാമത് വാർഷികപൊതുയോഗം (11.09.2021)**

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 30-ാമത് വാർഷിക പൊതുയോഗം 11 സെപ്റ്റംബർ 2021 ന് 3.00 മണിക്ക് ഓൺലൈനായി കൂടുകയുണ്ടായി. ഇതിൽ 10 പേർ നേരിട്ടും 108 പേർ ഓൺലൈൻ ആയും സംബന്ധിച്ചു. എക്സിക്യുട്ടിവ് അംഗം പ്രൊഫ. സി.സി. ആലീസ് കുട്ടിയും ശ്രീമതി ലീലാമ്മയും ചേർന്ന് ഈശ്വരപ്രാർഥന നയിച്ചു. തുടർന്ന് വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ സ്വാഗതമാശംസിച്ചു. കൊറോണപ്രതിസന്ധിയുടെ ഈ കാലഘട്ടത്തിൽ ബൈബിൾ സൊസൈറ്റിക്ക് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചു എന്ന് വൈസ്ചെയർമാൻ തന്റെ സ്വാഗതപ്രസംഗത്തിൽ പറയുകയുണ്ടായി. തുടർന്ന് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന സെക്രട്ടറി ജോൺസൺ പുതുശ്ശേരിയച്ചനും എല്ലാ പ്രവർത്തനങ്ങളിലും തീക്ഷ്ണതയോടെ കൂടെനില്ക്കുന്ന ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യ സൈമണിനും ഓഫീസ് കാര്യങ്ങൾ കാര്യക്ഷമമായി നിർവഹിക്കുന്ന വളരെ പരിചയസമ്പന്നയായ സി. ആഗ്നസ് ജോർജിനും സ്വാഗതമാശംസിച്ചു. സൊസൈറ്റി ഇന്നത്തെ ഈ നിലയിൽ എത്താൻ കാരണഭൂതരായ എല്ലാ പഴയകാലത്തെയും ഇപ്പോഴത്തെയും ഭാരവാഹികളെയും ബൈബിൾ ഡയറക്ടേഴ്സിനെയും സൊസൈറ്റി അംഗങ്ങളെയും ശ്രീ. ജിസ്മോൻ മീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു.

തുടർന്ന്, ബൈബിൾ സൊസൈറ്റിയിൽനിന്നും മരണംമൂലം വേർപെട്ട പരേ

തർക്കുവേണ്ടിയുള്ള പ്രാർഥനയായിരുന്നു. സൊസൈറ്റി എക്സിക്യൂട്ടിവ് അംഗം സച്ചിൻ ആന്റണിയുടെ പിതാവിനെ പ്രത്യേകം സ്മരിച്ചു. സി. പ്രിൻസി തെരേസ് സി.റ്റി.സി. പ്രാർഥനാഗീതമാലപിച്ചു. ചെയർമാൻ പിതാവ് പ്രാർഥന നയിച്ചു. തുടർന്നുള്ള അധ്യക്ഷപ്രസംഗത്തിൽ, തുടർച്ചയായി രണ്ടാംതവണയും ഓൺലൈൻ വഴിയുള്ള വാർഷിക പൊതുയോഗമാണിതെന്ന് ചെയർമാൻപിതാവ് സൂചിപ്പിച്ചു. നമ്മൾ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ മറ്റുള്ളവർക്ക് പാതയിൽ പ്രകാശമാകാൻ നമുക്കു കഴിയണം. പ്രതിസന്ധിയുടെ ഈ കാലഘട്ടത്തിൽ വചനം നമ്മെ നയിക്കുന്നു എന്ന് പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പറയുകയുണ്ടായി. വചനത്തിനുവേണ്ടി ജീവിക്കുന്നവരായ നാം വിശുദ്ധഗ്രന്ഥത്തോടുള്ള സമീപനം നിരന്തരമായ ജീവിതനവീകരണത്തിലൂടെയാണ് സാക്ഷ്യപ്പെടുത്തേണ്ടതെന്ന് പിതാവ് സൂചിപ്പിച്ചു. ബിസിനസ്പരമായ കാര്യങ്ങളാണ് നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നതെങ്കിൽപ്പോലും നമ്മെ പ്രചോദിപ്പിക്കുന്നതും അഭിഷേചിക്കുന്നതും വചനത്തിൽ കുടികൊള്ളുന്ന ദൈവികചൈതന്യമാണെന്നും യേശുക്രിസ്തു തന്നെയാണ് ആ വചനം എന്നും പിതാവ് നമ്മെ ഓർമിപ്പിച്ചു. ബൈബിൾ തുറക്കുമ്പോഴും പഠിക്കുമ്പോഴും ആരാണ് അതിൽ കുടികൊള്ളുന്നത് എന്ന തിരിച്ചറിവും ദർശനവും വി. ഗ്രന്ഥത്തെ കൂടുതൽ സ്നേഹിക്കുവാനും അതറിയിക്കുവാനും നമ്മെ സഹായിക്കട്ടെ എന്ന പ്രാർഥനയോടെയാണ് അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗം അവസാനിപ്പിച്ചത്.

തുടർന്ന് ആശംസാപ്രസംഗമായിരുന്നു. വചനത്തിലധിഷ്ഠിതമായ ആത്മീയ സൗഹൃദം എപ്പോഴും കാത്തുസൂക്ഷിക്കുന്ന അഭിവന്ദ്യ പിതാവ് വളരെ സുന്ദരമായ ശൈലിയിൽ വചനം പങ്കുവച്ചു എന്നു പറഞ്ഞുകൊണ്ടാണ് പി.ഒ.സി. ഡയറക്ടർ ജേക്കബ് പാലാക്കാപിള്ളി അച്ചൻ തന്റെ ആശംസാപ്രസംഗം ആരംഭിച്ചത്. പറയുന്നത് ജീവിച്ചുകാണിക്കുന്നതുവഴി ആളുകളുടെ ഇടയിൽ വളരെയധികം സ്വാധീനം ചെലുത്തുന്ന വ്യക്തിയായി മാറി നമ്മുടെ ചെയർമാൻപിതാവ് എന്ന് അച്ചൻ പറയുകയുണ്ടായി. സാന്നിധ്യത്തിലൂടെയും സംസാരത്തിലൂടെയും പെരുമാറ്റത്തിലൂടെയും യേശുവിനെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും വചനത്തോടൊത്തുള്ള യാത്ര തുടരുകയും ചെയ്യണം എന്ന് ഡയറക്ടറച്ചൻ പറഞ്ഞു. സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ബൈബിൾ കോളേജ് എന്ന ആശയം അച്ചൻ ഇവിടെ പങ്കുവച്ചു. സെക്രട്ടറിയച്ചന്റെ നേതൃത്വത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകൾ നേർന്നുകൊണ്ട് പി.ഒ.സി. ഡയറക്ടർ തന്റെ ആശംസാപ്രസംഗം അവസാനിപ്പിച്ചു.

തുടർന്ന്, 29-ാം വാർഷികയോഗ റിപ്പോർട്ട് സെക്രട്ടറിയച്ചൻ വായിക്കുകയും യോഗം അത് പാസാക്കുകയും ചെയ്തു. വാർഷിക കണക്ക് സി. ആഗ്നസ് ജോർജ് അവതരിപ്പിച്ചു. സെക്രട്ടറിയച്ചൻ അതിന് വിശദീകരണം നല്കി. ഒന്നാമതായി ഇന്റർലീനിയർ ബൈബിൾ പ്രിന്റ് ചെയ്തിട്ടില്ല എന്നും അത് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി അച്ചൻ പറഞ്ഞു. രണ്ടാമതായി, വർഷങ്ങളായി DHFL ൽ നിക്ഷേപിച്ചിരുന്ന തുക 2019ൽ ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് നിക്ഷേപത്തുകയിൽ 2 കോടി തിരികെ കിട്ടിയെന്നും 1,19,76,214 രൂപ കിട്ടാനുണ്ടെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. ഇൻസോൾവൻസി പ്രോസ്സസ് നടക്കുന്നു എന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. സ്ഥിരനിക്ഷേപകർക്ക് 25% കൊടുക്കും എന്നുള്ള തീരുമാനത്തിന്മേൽ സ്ഥിരനിക്ഷേപകർ കോടതിയെ സമീപിച്ചിട്ടുണ്ടെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. കിട്ടാനുള്ള തുകയിൽ നാലിലൊന്ന് മാത്രമേ കിട്ടാൻ സാധ്യതയുള്ളൂ എന്നും ഏകദേശം 80 ലക്ഷം രൂപ നഷ്ടമാകുമെന്നും സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. 2017നും 2019നും

ഇടയ്ക്ക് പലിശയിനത്തിൽ ലഭിച്ച 63,40,400 രൂപ ഉൾപ്പടെ സ്ഥിരനിക്ഷേപത്തിൽനിന്ന് ഏകദേശം 80 ലക്ഷം രൂപ പലിശയായി ലഭിച്ചിട്ടുണ്ട് എന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. നഷ്ടം കണക്കിൽ ചേർക്കുന്നതിനെപ്പറ്റി ഓഡിറ്ററുടെ നിർദേശപ്രകാരം മാനേജിംഗ് കൗൺസിൽ ചർച്ചചെയ്ത്, തിരിച്ചുലഭിക്കുന്ന തുക ക്രെഡിറ്റ് ആയശേഷം നഷ്ടം കണക്കിൽ ചേർക്കാമെന്നു തീരുമാനിച്ചു. ഈ തീരുമാനം ജനറൽബോഡിക്ക് മുമ്പാകെ അവതരിപ്പിക്കുന്നു എന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു.

ശ്രീ. ഡേവിസ് പോൾ 2019-ലെ പൊതുയോഗത്തിൽ ഈ പ്രശ്നം അവതരിപ്പിച്ചിരുന്നെന്നും വലിയ തുക നഷ്ടപ്പെടുക വളരെ വേദനാജനകമാണെന്നും ഇത് മുൻകൂട്ടി കാണണമായിരുന്നെന്നും പറഞ്ഞു. ജനറൽബോഡിയിൽ ഈ കാര്യം അവതരിപ്പിച്ചതനുസരിച്ച് വേണ്ട നടപടികൾ ഉടൻ കൈക്കൊണ്ടിരുന്നെന്ന് സെക്രട്ടറിയച്ചൻ അതിന് മറുപടി നല്കി. UTI നിക്ഷേപത്തിലുണ്ടായ മുൻകാലനഷ്ടത്തെക്കുറിച്ച് ശ്രീ. സാബു ജോസ് ഓർമിപ്പിച്ചു. 2013-ലെ മാനേജിംഗ് കൗൺസിൽ തീരുമാനപ്രകാരം SIBയിൽ നിക്ഷേപിച്ചിരുന്ന തുകയാണ് DHFLലേക്ക് മാറ്റിയത് എന്ന് ശ്രീ. ആന്റണി പാലിമറ്റം സൂചിപ്പിക്കുകയുണ്ടായി. ക്രെഡിറ്റ് റേറ്റിംഗ് നോക്കി കൂടുതൽ പലിശ കിട്ടാൻവേണ്ടി 2013 മുതൽ ഇവിടെ നിക്ഷേപിച്ചുതുടങ്ങിയെന്നും അക്കാലത്ത് കൂടുതൽ തുക പലിശയിനത്തിൽ ലഭിച്ചിരുന്നെന്നും പിന്നീടുവന്ന അപ്രതീക്ഷിത കാര്യങ്ങളാണ് ഇത്തരത്തിൽ കൊണ്ടെത്തിച്ചതെന്നും സെബാസ്റ്റ്യനച്ചൻ സൂചിപ്പിക്കുകയുണ്ടായി.

വലിയ തുകകൾ നിക്ഷേപിക്കുമ്പോൾ ജനറൽബോഡിയുടെ അംഗീകാരം വേണമെന്നും ഇന്റേണൽ ഓഡിറ്റ് നിർബന്ധമാക്കണമെന്നും ശ്രീ. സാബു ജോസ് അഭിപ്രായപ്പെട്ടു. വലിയ തുകകൾ നിക്ഷേപിക്കുമ്പോൾ ജനറൽബോഡിയുടെ അംഗീകാരം വേണമെന്ന അഭിപ്രായം പ്രായോഗികമല്ലെന്ന് ശ്രീ. ജോസഫ് പന്തപ്ലാക്കൽ അഭിപ്രായപ്പെട്ടു. സൗത്ത് ഇന്ത്യൻ ബാങ്കിൽ ഇപ്പോൾ 2 കോടി 26 ലക്ഷം രൂപയുണ്ടെന്നും ഇത്ര വലിയ തുക ഒരിടത്തുതന്നെ നിക്ഷേപിക്കുന്നത് സുരക്ഷിതമല്ലെന്നും പല ദേശസാൽകൃത ബാങ്കുകളിലേക്ക് തുക നിക്ഷേപിക്കണമെന്നും ശ്രീ. ഡേവിസ് പോൾ അഭിപ്രായപ്പെട്ടു. തുകമുഴുവൻ ഒരു ബാങ്കിൽ തന്നെ നിക്ഷേപിക്കുന്നത് സുരക്ഷിതമല്ല എന്ന് ശ്രീ. ജോ മാത്യുവും അഭിപ്രായപ്പെട്ടു. സൗത്ത് ഇന്ത്യൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽനിന്ന് എത്ര തുക മാറ്റി നിക്ഷേപിക്കാമെന്നും അംഗീകൃത ബാങ്കുകളിൽ സ്ഥിരനിക്ഷേപത്തിന് ഏറ്റവും കൂടുതൽ പലിശകിട്ടുന്ന ബാങ്കുകളുടെ പേരുകൾ നിർദേശിക്കാനും സെക്രട്ടറി അച്ചൻ പറഞ്ഞു. ട്രഷറിയിൽ നിക്ഷേപിക്കുന്നതിനെപ്പറ്റി ശ്രീ ഇഗ്നേഷ്യസ് ലയോള പറഞ്ഞെങ്കിലും, തുക ആവശ്യമുള്ള സമയത്ത് തിരികെകിട്ടുക എളുപ്പമല്ല എന്നതിനാൽ ആരും അതിനെ പിൻതാങ്ങിയില്ല. നിക്ഷേപത്തിൽ ഒരുഭാഗം ദേശസാൽകൃത ബാങ്കുകളിൽ മാനേജിംഗ് കൗൺസിലിൽ ചർച്ച ചെയ്ത് നിക്ഷേപിക്കാൻ തീരുമാനമായി.

ഇന്റേണൽ ഓഡിറ്റിംഗിനെപ്പറ്റിയുള്ള ചർച്ചയിൽ, രണ്ടുവർഷം മുമ്പുള്ള ഇന്റേണൽ ഓഡിറ്റിംഗിൽ കണക്ക് വളരെ വിശ്വസ്തവും കൃത്യവും ആയി റിപ്പോർട്ട് നല്കിയിരുന്നത് സെക്രട്ടറി അച്ചൻ ഓർമിപ്പിച്ചു. യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായമനുസരിച്ച്, ഇന്റേണൽ ഓഡിറ്റിംഗ് എല്ലാവർഷവും നടത്താമെന്ന് തീരുമാനമായി.

തുടർന്ന് കണക്ക് യോഗം പാസാക്കി. സെക്രട്ടറിയച്ചൻ ബഡ്ജറ്റ് അവതരിപ്പിക്കുകയും ചില വിശദീകരണങ്ങൾ നല്കുകയും ചെയ്തു. കൊറോണയുടെ സാഹചര്യത്തിൽ മെമ്പർഷിപ്പ് തുകയും ലോഗോസ് രജിസ്ട്രേഷൻ ഫീസും ഇത്തവണ

കുറവാണ് എന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ബഡ്ജറ്റ് യോഗം പാസാക്കി. സൊസൈറ്റി ചെയ്യുന്ന കാര്യങ്ങൾ തുടർന്നും ചെയ്യാൻ പൊതുയോഗം അനുമതിനല്കി. ഓഡിറ്ററുടെ നിയമനം ചർച്ചയ്ക്കെടുത്തപ്പോൾ, ഒരു പാനൽ ഉണ്ടാക്കി മാനേജിംഗ് കൗൺസിലിൽ ചർച്ചചെയ്ത് ഓഡിറ്ററെ തീരുമാനിക്കട്ടെയെന്ന് നിർദ്ദേശമുണ്ടായി. അതനുസരിച്ച്, ഓഡിറ്ററെ അടുത്ത മാനേജിംഗ് കൗൺസിലിൽ ചർച്ചചെയ്ത് നിയമിക്കാൻ പൊതുയോഗം തീരുമാനിക്കുകയും മാനേജിംഗ് കൗൺസിലിനെ അതിന് ചുമതലപ്പെടുത്തുകയും ചെയ്തു.

സൊസൈറ്റിയുടെ സ്ഥിരനിക്ഷേപത്തിലെ തുക മറ്റു പ്രവർത്തനങ്ങൾക്കും ഫലപ്രദമായി ഉപയോഗിക്കാൻ പരിശ്രമിക്കണം എന്ന് ശ്രീ. ഷിജു അഭിപ്രായപ്പെട്ടു. മുൻഗാമികളുടെ പരിശ്രമത്താലാണ് ഈ സാമ്പത്തികനിലയിൽ സൊസൈറ്റി എത്തിയതെന്നും അതിന്റെ സ്ഥിരനിക്ഷേപത്തിൽനിന്നും ലഭിക്കുന്ന പലിശയിൽനിന്നാണ് ഇതിന്റെ നടത്തിപ്പിനുള്ള തുക കണ്ടെത്തുന്നതുമെന്ന് സെബാസ്റ്റ്യനച്ചൻ പറഞ്ഞു. അതുകൊണ്ട് ആ തുക എപ്പോഴും നിക്ഷേപമായി നിലനിറുത്തണം എന്ന് അച്ചൻ അഭിപ്രായപ്പെടുകയുണ്ടായി.

സൊസൈറ്റി ഇപ്പോൾ ചെയ്യുന്ന കാര്യങ്ങൾ സെക്രട്ടറിയച്ചൻ വിശദീകരിച്ചു. പഴയനിയമ പരിഭാഷയുടെ ഫൈനൽ എഡിറ്റിംഗ് നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ ഒരു ഭാഗം ഡിസംബറോടെ പ്രസിദ്ധീകരിക്കുന്നതാണ്. മതബോധനക്ലാസ്സുകൾക്കായി ബൈബിളിലെ എല്ലാ പുസ്തകങ്ങളുടെയും വീഡിയോ തയ്യാറാക്കി, ബൈബിൾ സൊസൈറ്റിയുടെ യുട്യൂബ് ചാനലിൽ ചേർക്കുന്നു. ഇപ്പോൾ ഇടുക്കി രൂപതയിൽ ബൈബിൾക്ലാസിനായി ഇത് ഉപയോഗിക്കുന്നു. മറ്റ് രൂപതകളും ഇത് പരമാവധി പ്രയോജനപ്പെടുത്തുകയും ബൈബിൾ സൊസൈറ്റി അംഗങ്ങൾ ഇതിനു പ്രചാരം നല്കുകയും ചെയ്യുന്നത് അഭികാമ്യമാണ്. ഇംഗ്ലീഷ് ഭാഷയിലും ഈ ക്ലാസുകൾ തയ്യാറാക്കാൻ പദ്ധതിയുണ്ടെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. കൊറോണമൂലം നീട്ടിവച്ച ബൈബിൾ സ്പിരിച്വാലിറ്റി കോഴ്സ് സാഹചര്യം അനുകൂലമാണെങ്കിൽ ജനുവരിയോടുകൂടി നടത്താൻ പറ്റുമെന്ന് വിചാരിക്കുന്നു. സൊസൈറ്റി അംഗങ്ങൾക്ക് ഫീസിളവ് ഉണ്ടായിരിക്കുമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

ഡിസംബർ മാസം ബൈബിൾ പാരായണമാസമായി ആചരിക്കണമെന്ന് സെക്രട്ടറി അച്ചൻ പറഞ്ഞു. ഡിസംബർ 19 ബൈബിൾ ഞായറിന് വൈകിട്ട് 7 മണിമുതൽ 8 മണിവരെ തിരുവചനമണിക്കൂർ ആയി ആചരിച്ചുകൊണ്ട് ബൈബിൾ വായിക്കുന്നതിന്റെ പ്രായോഗികതയെക്കുറിച്ച് ബൈബിൾ ഡയറക്ടേഴ്സിനോട് സെക്രട്ടറിയച്ചൻ അഭിപ്രായം ആരാഞ്ഞു. ഈ ആശയത്തെ തിരുവനന്തപുരം രൂപതയുടെ ഡാർവിൻ പീറ്റർ അച്ചൻ പിന്തുണച്ചു.

പാലക്കാട്, ഇടുക്കി രൂപതകൾ ഈ വർഷം ബൈബിൾ വർഷമായി ആചരിക്കുന്നുണ്ടെന്നും മതാധ്യാപകർക്കും വിദ്യാർഥികൾക്കും പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നുണ്ടെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. പി.ഒ.സി. ഡയറക്ടർ മുന്നോട്ടുവച്ച ബൈബിൾ കോളേജിനെക്കുറിച്ചു ചർച്ചകൾ നടന്നു. വിശദമായ ചർച്ച ഇതിനെക്കുറിച്ചു നടത്തേണ്ടതുണ്ടെന്നും പ്രാരംഭമായി പിഒസിയിൽ ബൈബിൾ കോഴ്സുകൾ സംഘടിപ്പിക്കാമെന്നും സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു. ഗൾഫിൽനിന്നും തയ്യാറാക്കുന്ന ബൈബിൾ ആനിമേറ്റഡ് സീരീസ് മൂന്നാം എപ്പിസോഡ് പുറത്തിറങ്ങിയെന്നും പുതിയ ഓഡിയോ ബൈബിൾ പ്ലെയർ, പരിഷ്കരിച്ച പുതിയനിയമത്തിന്റെ പുതിയ

ഓഡിയോ ആപ്പ് എന്നിവ തയ്യാറായി വരുന്നു എന്നും കൊറോണയുടെ വ്യാപനം വിലയിരുത്തി ഡിസംബർ മാസത്തോടെ ലോഗോസ് ക്വിസ് നടത്താമെന്നും സെക്രട്ടറിയച്ചൻ കൂട്ടിച്ചേർത്തു. വചനസർഗ പ്രതിഭാ അവാർഡിനുള്ള അപേക്ഷകൾ സെപ്റ്റംബർ അവസാനത്തോടെയും ബൈബിൾ സാഹിത്യമത്സരത്തിന്റെ കൃതികൾ ഒക്ടോബർ പകുതിയോടെയുമാണ് എത്തിക്കേണ്ടത്.

മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീ. ജോയ് ലാസർ ഇപ്പോഴത്തെ ബൈബിളിനു ദശകങ്ങൾക്കു മുമ്പുള്ള ബൈബിൾ പതിപ്പിനെക്കുറിച്ചും അർണോസ് പാതിരിയുമായി ബന്ധപ്പെട്ടുമുള്ള അറിവുകൾ ബൈബിൾ സൊസൈറ്റിവഴി പ്രചരിപ്പിക്കണമെന്നും പറയുകയുണ്ടായി. അർണോസ് പാതിരിയെക്കുറിച്ചുള്ള കാര്യങ്ങൾക്ക് ജെസ്യൂട്ട് ഫൗണ്ടേഷനുമായി സംസാരിക്കേണ്ടതുണ്ട് എന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. തിരുവനന്തപുരം ഭാഗത്ത് ബൈബിൾ ലഭിക്കാൻ വളരെ ബുദ്ധിമുട്ട് ഉണ്ടെന്നും വിതരണത്തിനായി ഒരു സെന്റർ ഇവിടെ തുടങ്ങിയാൽ നന്നായിരിക്കുമെന്നും ഡാർവിൻ പീറ്റർ അച്ചൻ അഭിപ്രായപ്പെട്ടു. ബൈബിൾ വിതരണം പി.ഒ.സി.യുടേതായതിനാൽ അവരെ അറിയിക്കാമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. സൊസൈറ്റി മെമ്പർഷിപ്പ് ചിലർ എടുക്കുന്നുണ്ടെങ്കിലും, കൊറോണക്കാലമായതുകൊണ്ട് സാധാരണക്കാരുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് മെമ്പർഷിപ്പ് എടുക്കാൻ ഇടവകകളെ ഇപ്പോൾ സമീപിക്കുന്നില്ല എന്നും എന്നാൽ ഓരോരുത്തരും വ്യക്തിപരമായി ഇതിനു ശ്രമിക്കണമെന്നും സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു.

ചർച്ചകൾക്കുശേഷം ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യ സൈമൺ എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു. ജനറൽബോഡി മീറ്റിംഗിൽ തന്റെ ലാളിത്യം കൊണ്ടും സാന്നിധ്യംകൊണ്ടും ഏവരേയും സന്തോഷഭരിതനാക്കിയ ചെയർമാൻ പിതാവിന് ആദ്യം നന്ദിപറഞ്ഞു. തുടർന്ന് പി.ഒ.സി. ഡയറക്ടർ ജേക്കബ് അച്ചനും വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കലിനും സെക്രട്ടറി ജോൺസൺ പുതുശ്ശേരിയച്ചനും ട്രഷറർ സി. ആഗ്നസ് ജോർജിനും നന്ദിയർപ്പിച്ചു. സൊസൈറ്റിയുടെ വളർച്ചയ്ക്ക് അധ്വാനിക്കുന്ന എല്ലാ എക്സിക്യൂട്ടിവ്, മാനേജിംഗ് അംഗങ്ങൾക്കും മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയർപ്പിച്ചുകൊണ്ട് ശ്രീമതി കൊച്ചുത്രേസ്യ തന്റെ കൃതജ്ഞതാപ്രകാശനം ഉപസംഹരിച്ചു. വചനത്തിന്റെ ചൈതന്യത്തിൽ നാം ആയിരിക്കണമെന്നുമുള്ള പിതാവിന്റെ അനുഗ്രഹവചസ്സുകളോടെ യോഗം 5.00 മണിക്ക് അവസാനിച്ചു.

### 6. മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് 27.09.2021

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം സെപ്റ്റംബർ 27-ാംതിയതി ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഓൺലൈനായി കൂടുകയുണ്ടായി. മാനേജിംഗ് കൗൺസിൽ അംഗം ശ്രീ. ജോയ് എൻ. ലാസറിന്റെ ഈശ്വര പ്രാർഥനയോടെ യോഗം ആരംഭിച്ചു. മീറ്റിംഗിൽ 29 പേർ പങ്കെടുത്തു.

തുടർന്ന് സെക്രട്ടറി ജോൺസൺ പുതുശ്ശേരി അച്ചൻ ഏവർക്കും സ്വാഗതമാശംസിച്ചു. വചനത്തിന്റെ അനുഗ്രഹമഴയ്ക്കായി ഒരുങ്ങുന്ന നാം ലോഗോസ് ക്വിസിന്റെ നടത്തിപ്പിന്റെ തീരുമാനങ്ങൾ എടുക്കുവാൻ ഒന്നിച്ചുകൂടി എന്ന് സെക്രട്ടറി അച്ചൻ സ്വാഗതപ്രസംഗത്തിൽ സൂചിപ്പിച്ചു. ചെയർമാൻ പിതാവിന്റെ അസാന്നിധ്യത്തിൽ അധ്യക്ഷപദം അലങ്കരിക്കുന്ന വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കലിനും ജോയിന്റ് സെക്രട്ടറി ശ്രീമതി. കൊച്ചുത്രേസ്യ സൈമണിനും സി. ആഗ്നസ് ജോർജിനും

എല്ലാ മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു. തുടർന്ന്, ലോഗോസ് ക്വിസിനെക്കുറിച്ചുള്ള തീരുമാനങ്ങൾ ഏറ്റവും ഭംഗിയായി നടപ്പിൽവരുത്തുന്ന എല്ലാ രൂപതാ ബൈബിൾ അപ്പോസ്തോലേറ്റ് ഡയറക്ടേഴ്സിനും സെക്രട്ടറി അച്ചൻ സ്വാഗതം ആശംസിച്ചു.

ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും മികവുറ്റ ഒന്നാണ് ലോഗോസ് ക്വിസ് എന്നും ഈ വചനനോത്സവം ഇനിയും നീട്ടികൊണ്ടുപോകേണ്ടതില്ലെന്നും വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ തന്റെ അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന എല്ലാവരെയും പങ്കെടുപ്പിക്കാൻ മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെയും ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടേഴ്സിന്റെയും സഹായസഹകരണങ്ങൾ അഭ്യർഥിച്ചുകൊണ്ട് അധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു.

അതിനുശേഷം സി. ആഗ്നസ് ജോർജ് കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് വായിച്ചു. യോഗമത് പാസാക്കി. പിന്നീട് ചർച്ചയായിരുന്നു. സെക്രട്ടറിയച്ചൻ മീറ്റിംഗിന്റെ അജണ്ട എല്ലാവർക്കുമായി വായിച്ചു കേൾപ്പിച്ചു. ഡിസംബർ 19-ാം തിയതി പരീക്ഷ നടത്തുന്നതിനെപ്പറ്റി സെക്രട്ടറിയച്ചൻ അഭിപ്രായം ആരാഞ്ഞു. തിരുവനന്തപുരം അതിരൂപതയിലെ ഡാർവിൻ അച്ചൻ അതിനോട് യോജിക്കുന്നു എന്ന് അറിയിച്ചു. തന്നിരിക്കുന്ന വിഷയത്തിൽ മാറ്റമില്ല എന്നും രജിസ്ട്രേഷൻ ഒക്ടോബർ 1 മുതൽ 31 വരെയാണെന്നും ഓൺലൈൻ ആയിട്ടോ അല്ലാതെയോ രജിസ്റ്റർ ചെയ്യാമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. പങ്കെടുക്കുന്നവരുടെ എണ്ണം ഓഫീസിൽ അറിയിക്കണമെന്നും ചോദ്യപേപ്പർ പ്രിന്റ് ചെയ്യാൻ വേണ്ടിവരുന്ന തുക മാത്രം സൊസൈറ്റിയിൽ ഏൽപ്പിച്ചാൽ മതിയെന്നും സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. ഈ പരീക്ഷയ്ക്ക് കാറ്റഗറി തിരിക്കുന്നില്ലെന്നും ഒറ്റ ചോദ്യപേപ്പർ മാത്രമേ ഉണ്ടാകൂ എന്നും അച്ചൻ അറിയിച്ചു.

കോവിഡിന്റെ പശ്ചാത്തലത്തിൽ ആളുകളെ നിർബന്ധിച്ച് പങ്കെടുപ്പിക്കരുതെന്നും, മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രം ഓരോ ഇടവകയും പ്രവർത്തിക്കണമെന്നും സെക്രട്ടറിയച്ചൻ നിർദേശിച്ചു. അടുത്ത തവണ ഇരട്ടി ആളുകളെ പങ്കെടുപ്പിക്കാൻ പരിശ്രമിക്കണമെന്നും സെക്രട്ടറിയച്ചൻ കൂട്ടിച്ചേർത്തു. ഡാർവിൻ അച്ചൻ അഭിപ്രായപ്പെട്ടതനുസരിച്ച്, മലയാളം, ഇംഗ്ലീഷ് കൂടാതെ, തമിഴ് ചോദ്യപേപ്പറും തയ്യാറാക്കാമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. പൊതുവിജ്ഞാനത്തിൽനിന്നും സ്റ്റഡി മെറ്റീരിയൽസിൽ നിന്നും 10 ചോദ്യങ്ങൾകൂടി ഉണ്ടായിരിക്കും. ഈ 10 ചോദ്യങ്ങൾ ടോപ്പേഴ്സിനെ കണ്ടെത്താൻ മാത്രം നോക്കിയാൽ മതിയാകും. ഓരോ രൂപതയിൽനിന്നും ഉയർന്ന മാർക്കുള്ള രണ്ട് വിജയികളെ മാത്രമാണ് പി.ഒ.സി.യിലേക്ക് ഫൈനൽപരീക്ഷയ്ക്ക് അയയ്ക്കേണ്ടത്. പരീക്ഷാ തിയതി എല്ലാവരുടെയും അഭിപ്രായപ്രകാരം ജനുവരി 15 എന്ന് തീരുമാനിച്ചു. സമ്മാനാർഹരാകുന്നവർക്ക് 25000രൂപയും സർട്ടിഫിക്കറ്റും ആണ് നല്കുന്നതെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ബാക്കിവരുന്ന സ്ഥാനക്കാർക്ക് 20,000, 15,000, 10,000, 5,000 എന്നീ ക്രമത്തിലുമായിരിക്കും എന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ആറാം സ്ഥാനക്കാർക്ക് 1000 രൂപ സമ്മാനമായി കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു. ദൂരെനിന്നുവരുന്ന പരീക്ഷാർഥികൾക്ക് ഈ തുക വളരെ കുറവാണെന്ന് ബഹു. ഡാർവിൻ അച്ചൻ അഭിപ്രായപ്പെട്ടു. അതനുസരിച്ച് സെക്രട്ടറിയച്ചൻ 1500 രൂപയാക്കാം എന്ന് മറുപടി നല്കി. രൂപതയുടെ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത് തന്നാൽ മതി എന്ന് ജിസ്മോൻ തുടിയൻപ്ലാക്കൽ ആവശ്യപ്പെട്ടു. പൊതുവായി 80% മാർക്ക് മുകളിലുള്ളവർക്ക് മാത്രം രൂപതയിൽ സർട്ടിഫി

ക്കറ്റ് കൊടുക്കാൻ തീരുമാനമായി. സർട്ടിഫിക്കറ്റിന് ചിലവാകുന്ന തുക സൊസൈറ്റിയെ ഏൽപ്പിക്കണമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ശ്രീമതി ഷീബ സേവ്യർ സർട്ടിഫിക്കറ്റിൽ ഗ്രേഡ് വയ്ക്കാം എന്ന് അഭിപ്രായപ്പെട്ടു. പേപ്പർ റീവാല്യുവേഷന് വലിയ ഫീസ് ഈടാക്കുന്നത് വളരെ മോശമാണെന്നും സൗജന്യമായി പേപ്പർ പുനർമൂല്യനിർണയം നടത്താൻ സന്നദ്ധനാണെന്നും ശ്രീ. പി.കെ. ജോസഫ് അറിയിച്ചു. ലോഗോസിന്റെ വാർത്ത ഈ ദിവസങ്ങളിൽത്തന്നെ കൊടുക്കുമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

ജനറൽബോഡി മീറ്റിംഗിൽ സൗത്ത് ഇന്ത്യൻ ബാങ്കിലെ ഫണ്ട് അംഗീകൃത ബാങ്കുകളിലേക്ക് നിക്ഷേപിക്കുന്ന കാര്യത്തെക്കുറിച്ച് നിർദേശങ്ങൾ വന്നിരുന്നു. അതിൻപ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കിൽ മച്വർ ആകാൻ പോകുന്ന 50 ലക്ഷത്തിന്റെ സ്ഥിര നിക്ഷേപം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനെപ്പറ്റി സെക്രട്ടറിയച്ചൻ അഭിപ്രായം ആരാഞ്ഞു. യോഗം ഇതിന് അനുമതി നല്കി. ട്രഷറിയിൽ നിക്ഷേപിക്കുന്നതിനെപ്പറ്റി ഡാർവിൻ അച്ചൻ പറഞ്ഞു. നമ്മുടെ ആവശ്യസമയത്ത് ട്രഷറിയിൽനിന്നും തുക കിട്ടുക പ്രയാസമാണെന്ന് അഭിപ്രായമുണ്ടായി. ഓഡിറ്റർ നിയമനത്തെക്കുറിച്ചു മാനേജിംഗ് കൗൺസിലിൽ തീരുമാനമെടുക്കാൻ ജനറൽബോഡിയിൽ തീരുമാനമായിരുന്നു. അതനുസരിച്ച് സെക്രട്ടറിയച്ചൻ എല്ലാവരോടുമായി അഭിപ്രായം ചോദിച്ചു. ഓഡിറ്റർ എല്ലാ കാര്യത്തിനും വളരെയധികം സപ്പോർട്ടു തന്നിരുന്നുവെന്നും ഡോക്യുമെന്റുകൾ കൃത്യമായി ശരിയാക്കാൻ സഹായിച്ചിരുന്നുവെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. നിലവിലുള്ള ഓഡിറ്റർ പരിചയസമ്പത്തുള്ള വ്യക്തിയാണെന്നും ഈ വ്യക്തിയെത്തന്നെ നിയമിക്കുന്നതാണ് നല്ലതെന്ന് ഡാർവിൻ അച്ചൻ അഭിപ്രായപ്പെട്ടു. വൈസ് ചെയർമാൻ ശ്രീ. ജിസ്മോൻ ഈ അഭിപ്രായത്തെ പിൻതാങ്ങി. എല്ലാവരുടെയും അഭിപ്രായം കണക്കിലെടുത്ത് സെക്രട്ടറി അച്ചൻ ഓഡിറ്ററുമായി സംസാരിക്കാം എന്ന് പറയുകയുണ്ടായി.

ബൈബിൾ സൊസൈറ്റിയുടെ മെമ്പർഷിപ്പിൽനിന്നുള്ള ആസ്തിയെപ്പറ്റിജനറൽബോഡിയിൽ പരാമർശം ഉണ്ടായിരുന്നു. ഇതുവരെയുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ 1,52,77,750 രൂപയാണ് മെമ്പർഷിപ് ഫീസ് ഇനത്തിൽ ആകെ ലഭിച്ചിരിക്കുന്നതെന്നും സ്ഥിരനിക്ഷേപത്തിലെ ബാക്കി തുക മുൻകാല സെക്രട്ടറിമാരുടെ പ്രവർത്തനം കൊണ്ടുമാത്രമാണെന്നും സെക്രട്ടറി അച്ചൻ വിശദീകരണം നല്കി.

ബൈബിൾ പാരായണത്തിന്റെ പോസ്റ്റർ ഈ വർഷം അയയ്ക്കാമെന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു. ബൈബിൾ ഞായറാഴ്ച തിരുവചനമണിക്കൂർ എന്ന പേരിലുള്ള ബൈബിൾ പാരായണത്തിന് 100 ഭാഗങ്ങളടങ്ങുന്ന ഒരു ലിസ്റ്റ് അയച്ചുതരാമെന്നും സെക്രട്ടറി അച്ചൻ അറിയിച്ചു.

ചർച്ചയ്ക്കുശേഷം ജോയിന്റ് സെക്രട്ടറി ശ്രീമതി. കൊച്ചുത്രേസ്യ സൈമൺ പിതാവിന്റെ അസാന്നിധ്യത്തിൽ അധ്യക്ഷപദം അലങ്കരിച്ച വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കലിനും സെക്രട്ടറി ജോൺസൺ പുതുശ്ശേരി അച്ചനും ട്രഷറർ സി. ആഗ്നസ് ജോർജിനും നന്ദിയർപ്പിച്ചു. തുടർന്ന് എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ അംഗങ്ങൾ എല്ലാവർക്കും, പ്രത്യേകിച്ച് മീറ്റിംഗിലെ തീരുമാനങ്ങൾ ഏറ്റവും ഭംഗിയായി നടപ്പിലാക്കുന്ന രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടേഴ്സിനും നന്ദിയർപ്പിച്ചു. വൈസ്ചെയർമാന്റെ പ്രാർഥനയ്ക്കുശേഷം ഡാർവിൻ അച്ചന്റെ പ്രാർഥനാശിർവാദത്തോടെ 4.00 മണിക്ക് യോഗം അവസാനിച്ചു.

### 7. എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിംഗ് 25.11.2021

2021 നവംബർ 25ന് രാവിലെ 11.30ന് പി.ഒ.സി.യിൽവച്ച് കൂടിയ എക്സിക്യൂട്ടിവ് കൗൺസിലിലെ തീരുമാനങ്ങൾ അന്നേദിവസം 1.30ന് കൂടിയ മാനേജിംഗ് കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ചു തീരുമാനങ്ങൾ കൈക്കൊണ്ടു.

### 8. മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് 25.11.2021

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2021 നവംബർ 25-ാം തിയതി ഉച്ചയ്ക്ക് 1.30ന് ചെയർമാൻ പിതാവ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിൽ പി.ഒ.സി.യിൽ വച്ച് കൂടുകയുണ്ടായി. ശ്രീമതി ജാൻസി ജേക്കബിന്റെ ഈശ്വരപ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. തുടർന്ന് മാനേജിംഗ് കൗൺസിൽ അംഗവും ദീർഘകാലം ബൈബിൾ കമ്മീഷനിൽ സേവനം അനുഷ്ഠിക്കുകയും ചെയ്ത ശ്രീമതി ടെറസിറ്റയുടെ ഭർത്താവ് ക്ലീറ്റസിന്റെ വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തുകയും അനുസ്മരണ പ്രാർഥന നടത്തുകയും ചെയ്തു.

തുടർന്ന് വൈസ്ചെയർമാൻ സ്വാഗതമാശംസിച്ചു. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ഏറ്റവും വലിയ സംരംഭമായ ലോഗോസ് ക്വിസ് എങ്ങനെ ഭംഗിയാക്കാം എന്ന് കൂടിയാലോചിക്കാനാണ് ഈ മീറ്റിംഗ് വിളിച്ചുകൂട്ടിയിരിക്കുന്നത് എന്നു പറഞ്ഞുകൊണ്ടാണ് സ്വാഗതപ്രസംഗം ആരംഭിച്ചത്. തുടർന്ന് ജോയിന്റ് സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം അത് പാസാക്കുകയും ചെയ്തു. തന്റെ അധ്യക്ഷപ്രസംഗത്തിൽ പ്രഭാ 24-ാംഅധ്യായത്തിന് ഊന്നൽ കൊടുത്തുകൊണ്ട് പിതാവ് സംസാരിക്കുകയുണ്ടായി. കോവിഡിന്റെ പിടിയിൽനിന്നും നാം സാവധാനം മോചിതരായിവരുന്നെന്നും ഈ ലോകത്തിലേക്ക് വരുന്നതെല്ലാം കടന്നുപോകും എന്ന ചിന്തയിലാണ് നാം ജീവിക്കേണ്ടതെന്നും പിതാവ് ഓർമിപ്പിച്ചു. ഒരു ഓഫീസിലേതുപോലുള്ള ജോലിയല്ല നമ്മുടേതെന്നും വചനവുമായി ഒരു പ്രണയം ഉണ്ടാകണമെന്നും പിതാവ് സൂചിപ്പിച്ചു. പിഒസി സമ്പൂർണ ബൈബിൾ പുറത്തിറക്കിയതിന്റെ 40-ാം വർഷത്തിൽ പരിഷ്കരിച്ച പതിപ്പ് പുറത്തിറക്കാനുള്ള പരിശ്രമത്തിലാണ് ബൈബിൾ കമ്മീഷൻ എന്ന് പിതാവ് ഓർമിച്ചു.

സൊസൈറ്റിയുടെ രൂപീകരണംതന്നെ വചനം കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായതിനാൽ ഏറ്റവും ന്യായമായ വിലയ്ക്ക് ബൈബിൾ ലഭ്യമാക്കാനുള്ള സംവിധാനവും നിലവിൽവരുത്തണമെന്ന് പി.ഒ.സി. ഡയറക്ടർ ജേക്കബ് പാലക്കാപിള്ളി അച്ചൻ തന്റെ ആശംസാപ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഒരു നിശ്ചിത എണ്ണം ബൈബിൾ സൗജന്യമായി കൊടുക്കാൻ കഴിയണമെന്നും ഡയറക്ടറച്ചൻ കൂട്ടിച്ചേർത്തു.

വചനസർഗ അവാർഡിനായി നിരവധി കൃതികൾ ലഭിച്ചിട്ടുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ബൈബിൾ വിജ്ഞാനീയം എന്ന വിഭാഗത്തിൽ റവ. ഡോ. സെബാസ്റ്റ്യൻ കിഴക്കേയിൽ MST വചനസർഗ അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടതായി ചെയർമാൻ പിതാവ് പ്രഖ്യാപിച്ചു. തുടർന്ന് ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച രചനാമത്സര വിജയികളെ പി.ഒ.സി. ഡയറക്ടർ ബഹു. ജേക്കബ് പാലയ്ക്കാപിള്ളി അച്ചൻ പ്രഖ്യാപിച്ചു.

ഈ വർഷം വചനപാരായണമാസം ഉദ്ഘാടനം ചെയ്യുന്നത് ഇടുക്കി രൂപതയിലാണെന്നും സമാപനചടങ്ങ് ചെയർമാൻ പിതാവിന്റെ രൂപതയായ ആലപ്പുഴയിലാണെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. ബൈബിൾ ഞായറിനോടനുബന്ധിച്ച് തിരുവചനമണിക്കൂർ എന്ന പേരിൽ സമ്പൂർണ ബൈബിൾ 100 ഭാഗങ്ങളാക്കി തിരിച്ച് ഒരു മണിക്കൂർകൊണ്ട് വായിച്ചു തീർക്കത്തക്ക രീതിയിൽ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അത് വാട്ട്സാപ്പിൽ ഷെയർ ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി അച്ചൻ പറഞ്ഞു. അതിനെപ്പറ്റിയുള്ള അംഗങ്ങളുടെ അഭിപ്രായങ്ങൾ അച്ചൻ ആരാഞ്ഞു. വളരെ നല്ല ആശയമാണെന്നും മുണ്ടക്കയം കേന്ദ്രമാക്കി ഇതു സംഘടിപ്പിക്കുന്നുണ്ടെന്നും ലൂസി ടീച്ചർ പറഞ്ഞു.

ജനറൽ ബോഡി തീരുമാനമനുസരിച്ച് കഴിഞ്ഞ മാനേജിംഗ് കൗൺസിലിൽ ഓഡിറ്ററെ നിയമിക്കുന്നതിന്റെ ചർച്ചയിൽ, നിലവിലുള്ള ഓഡിറ്റർ വളരെ പരിചയസമ്പന്നനും നന്നായി ചെയ്തിരുന്നെന്നും യോഗം വിലയിരുത്തുകയും അദ്ദേഹത്തെ നേരിൽ കണ്ട് ചോദിക്കാൻ സെക്രട്ടറിയച്ചനെ നിയോഗിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ സെക്രട്ടറിയച്ചനും ട്രഷറർ സിസ്റ്ററും കണ്ട വിവരം യോഗത്തിൽ പങ്കുവച്ചു. അദ്ദേഹം ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിച്ചതിന്റെ വെളിച്ചത്തിൽ ശ്രീ. വർഗീസ് പട്ടാറയെ ഈ വർഷത്തെ ഓഡിറ്ററായി യോഗം നിയമിച്ചു. ഇക്കാര്യം ഓഡിറ്ററെ കത്ത് മുഖേന അറിയിക്കണമെന്ന് യോഗം നിർദേശിച്ചു. ഇന്റേണൽ ഓഡിറ്ററായി ശ്രീ. ജോസഫ് കൊറ്റിയാത്തിനെ ശ്രീ. ജിസ്മോൻ നിർദേശിച്ചു. യോഗം അത് ഏകകണ്ഠേന അംഗീകരിച്ചു. രണ്ടാമത്തെ ഇന്റേണൽ ഓഡിറ്ററായി സ്ത്രീകളുടെകൂട്ടത്തിൽനിന്ന് ശ്രീമതി. മോളി തോമസിനെ നിർദേശിക്കുകയും യോഗം അത് അംഗീകരിക്കുകയും അവരെ നിയമിക്കുകയും ചെയ്തു.

കാനഡയിലുള്ള ജോഫിൻ ജോൺ എന്ന വ്യക്തിയുടെ യുട്യൂബ് ചാനലിനുവേണ്ടി ഓഡിയോ ബൈബിളിന്റെ ലിങ്ക് നല്കുന്ന കാര്യം സെക്രട്ടറി അച്ചൻ അവതരിപ്പിച്ചു. ബൈബിൾ പരത്തുവാൻ മുന്നോട്ടുവരുന്നവരെ പ്രോത്സാഹിപ്പിക്കണമെന്ന് യോഗം അഭിപ്രായപ്പെടുകയും ഇത് അനുവദിക്കുകയും ചെയ്തു.

ജനറൽബോഡി മീറ്റിംഗിൽ നിർദേശം വന്നത് പ്രകാരം അഭിനന്ദാർഹമായ ബൈബിൾപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നല്കുന്ന കാര്യം സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. അതനുസരിച്ച് നിർദേശങ്ങൾ ഉണ്ടെങ്കിൽ അറിയിക്കാൻ സെക്രട്ടറിയച്ചൻ പറഞ്ഞു. ഏറ്റവും വ്യത്യസ്തമായ പ്രവർത്തനങ്ങളെ മാത്രം പരിഗണിച്ചാൽ മതിയെന്നും അതിനൊരു മാനദണ്ഡം വേണമെന്നും ബഹു. സെബാസ്റ്റ്യനച്ചൻ അഭിപ്രായപ്പെട്ടു. വിവിധഭാഷകളിൽ ബൈബിൾ പകർത്തിയെഴുതിയ തൃശൂർ സ്വദേശിയായ ശ്രീ ആന്റണിയെയും കൊറോണക്കാലത്ത് 100 ബൈബിൾ വീഡിയോകൾ പുറത്തിറക്കിയ കൊല്ലം സ്വദേശികളായ കുട്ടികളെയും ആദരിക്കുവാൻ യോഗം നിർദേശിച്ചു. രൂപതകളിൽനിന്ന് കൂടുതൽ നിർദേശങ്ങളുണ്ടെങ്കിൽ പരിഗണിക്കുന്നതാണെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

പഴയനിയമപരിഷ്കരണം അവസാനഘട്ടത്തിലാണെന്നും ഇതിന്റെ ആദ്യഭാഗം ഡിസംബർ കെസിബിസിയിൽ സമർപ്പിക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. ബൈബിൾ സൊസൈറ്റിയും ബൈബിൾ കമ്മീഷനും അർഹിക്കുന്നവർക്ക് സൗജന്യമായി നേരിട്ടും രൂപതാ അപ്പസ്തൊലേറ്റ് വഴിയും സംഘടനകൾവഴിയും ബൈബിൾ

കൊടുക്കുന്നുണ്ടെന്ന് അച്ചൻ അനുസ്മരിച്ചു. മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീ. ജോയ് എൻ. ലാസർ അർണോസ് പാതിരിയുടെ പുത്തൻപാന ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കണം എന്ന് നിർദേശിക്കുകയുണ്ടായി. അതിന്റെ കോപ്പിറൈറ്റ് കാര്യങ്ങൾ അന്വേഷിക്കേണ്ടതുണ്ടന്നും സർക്കുലേഷൻ വളരെ പ്രധാനപ്പെട്ട കാര്യമാണെന്നും സെക്രട്ടറിയച്ചൻ നിരീക്ഷിച്ചു. സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന ബുക്കുകൾ E-book ലേക്ക് ആക്കിമാറ്റാൻ എക്സിക്യൂട്ടിവ് അംഗം ശ്രീ. സച്ചിൻ അഭിപ്രായപ്പെട്ടു. ചെറുപ്പക്കാരുടെയിടയിൽ ബൈബിൾ പണ്ഡിതരുടെ നല്ല ബുക്കുകൾ എത്തിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. പഠന ബൈബിൾ ഈ വിധത്തിൽ പ്രസിദ്ധീകരിക്കുന്നത് വളരെ നല്ലതാണെന്നും പിഒസി യുമായി ഇതിന്റെ കാര്യം ചർച്ചചെയ്യാമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. ആമസോണിൽ പി.ഒ.സി. ബൈബിളിന്റെ എംബ്ലം കാണുന്നുണ്ടെന്നും അതിനെതിരേ ഒരു വക്കീലിനെ സമീപിച്ചെന്നും ഡയറക്ടറച്ചൻ സൂചിപ്പിക്കുകയുണ്ടായി. കോപ്പിറൈറ്റുമായി ബന്ധപ്പെട്ട് ആര് എഴുതി എന്ന ചോദ്യം വരുമെന്നതിനാൽ എല്ലാവശങ്ങളും പഠിച്ചതിനുശേഷം മാത്രമേ ഇതിലേക്ക് ഇറങ്ങാൻ പറ്റുകയുള്ളൂ എന്നും Kindle കോപ്പി നാംതന്നെ ഇറക്കുന്നതാണ് നല്ലതെന്നും പിഒസി ഡയറക്ടർ അച്ചൻ സൂചിപ്പിച്ചു.

ചർച്ചകൾക്കുശേഷം സെക്രട്ടറിയച്ചൻ എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. 2019ൽ ചെയർമാൻ സ്ഥാനം ഏറ്റെടുത്ത് നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഒപ്പംനിന്ന് സഹകരണം നല്കുന്ന റവ. ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവിന് ആദ്യം നന്ദിയർപ്പിച്ചു. പങ്കെടുത്തവർക്ക് പഠനബൈബിളിന്റെ കോപ്പിയും പുതിയനിയമ ബൈബിളുകളും സമ്മാനമായി നല്കി. തുടർന്ന് ചായസത്കാരവുമുണ്ടായിരുന്നു.

**9. എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിംഗ് 18.03.2022**

18.03.2022 മാർച്ച് 18ന് കൂടിയ എക്സിക്യൂട്ടിവ് കൗൺസിലിലെ തീരുമാനങ്ങൾ അന്നേദിവസം ഉച്ചതിരിഞ്ഞ് 2മണിക്ക് ചേർന്ന മാനേജിംഗ് കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ചു തീരുമാനങ്ങൾ കൈക്കൊണ്ടു.

**10. മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് 18.03.2022**

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് യോഗം 2022 മാർച്ച് 18ന് ഉച്ചയ്ക്ക് 2.00മണിക്ക് പി.ഒ.സി.യിൽ വച്ച് കൂടുകയുണ്ടായി. ശ്രീമതി ആലീസുകുട്ടിയും ശ്രീമതി മോളി തോമസും ചേർന്ന് പ്രാർഥനാ ഗാനമാലപിച്ചു. ബഹുമാനപ്പെട്ട തോമസ് മരോട്ടിക്കാപ്പറമ്പിലച്ചൻ പൗലോസിന്റെ ലേഖനം 2-ാം അധ്യായം 4മുതൽ 10വരെയുള്ള ബൈബിൾ ഭാഗങ്ങൾ വായിച്ചു. സ്വാഗതപ്രസംഗത്തിനു മുന്നോടിയായി സെക്രട്ടറി അച്ചൻ മീറ്റിംഗിനെപ്പറ്റി പറഞ്ഞു. പ്രധാനമായും രണ്ട് ഭാഗങ്ങളാണ് ഉള്ളതെന്നും ആദ്യത്തെ ഭാഗത്ത് നിർദേശങ്ങളും ചർച്ചകളും മറ്റും നടത്തുകയും രണ്ടാം ഭാഗത്ത് 6 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ബൈബിൾ സൊസൈറ്റിയിൽനിന്നും വിരമിക്കുന്ന പ്രിയങ്കരനായ ജോൺസണച്ചന് നമ്മുടെ സ്നേഹവും ആദരവും പ്രകടിപ്പിക്കുന്ന യാത്രയയപ്പ് സമ്മേളനവുമാണെന്ന് സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു.

തുടർന്ന് സ്വാഗതപ്രസംഗമായിരുന്നു. മീറ്റിംഗിൽ അധ്യക്ഷപദം അലങ്കരിക്കുന്ന അഭിവന്ദ്യ പിതാവ് ജെയിംസ് ആനാപറമ്പിലിന് ആദ്യമായി സ്വാഗതമാശംസിച്ചു. അതിനുശേഷം ബഹുമാനപ്പെട്ട ജോൺസണച്ചനും ഒപ്പം ബഹുമാനപ്പെട്ട ജോജു

അച്ചനും സ്വാഗതമാശംസിച്ചു. ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യ സൈമണിനും സി. ആഗ്നസ് ജോർജിനും മറ്റെല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു കൊണ്ട് വൈസ് ചെയർമാൻ സ്വാഗതപ്രസംഗം അവസാനിപ്പിച്ചു.

തുടർന്ന് റിപ്പോർട്ട് അവതരണമായിരുന്നു. ജോയിന്റ് സെക്രട്ടറി ശ്രീമതി കൊച്ചുത്രേസ്യ സൈമൺ മുൻകാല റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും വായിച്ചു. യോഗമത് പാസാക്കി. തുടർന്ന് അധ്യക്ഷപ്രസംഗമായിരുന്നു. പാണ്ഡിത്യംകൊണ്ടും പ്രവർത്തനംകൊണ്ടും വളരെ യോജിച്ച അച്ചനെത്തന്നെ നമുക്ക് സെക്രട്ടറിയായി ലഭിച്ചു എന്നു പറഞ്ഞുകൊണ്ടാണ് പിതാവ് തന്റെ അധ്യക്ഷപ്രസംഗം ആരംഭിച്ചത്. പുതിയ സെക്രട്ടറിയായി ചാർജെടുത്ത ജോജു കോക്കാട്ട് അച്ചന് എല്ലാവിധ ആശംസകളും പിതാവ് നേരുകയുണ്ടായി. വചനത്തിലൂടെ എല്ലാം സൃഷ്ടിക്കപ്പെട്ടുവെന്നും വചനവുമായി നാം ആഴപ്പെടണമെന്നും പ്രഭാഷകൻ 24-ാം അധ്യായം ഉദ്ധരിച്ചുകൊണ്ട് പിതാവ് സംസാരിക്കുകയുണ്ടായി. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തോടാണ് സഭയേയും ബൈബിളിനേയും നാം കാണേണ്ടതെന്ന് പിതാവ് ഓർമിപ്പിച്ചു. അവ ഒരേ സമയം അമ്മയായും കുഞ്ഞായും വ്യാപരിക്കുന്നു എന്ന് പിതാവ് അധ്യക്ഷപ്രസംഗത്തിൽ കൂട്ടിച്ചേർത്തു.

തുടർന്ന് അജണ്ടപ്രകാരമുള്ള സെക്രട്ടറി നിയമനമായിരുന്നു. ശ്രീമതി ആലീസുകുട്ടി ബഹുമാനപ്പെട്ട ജോജു കോക്കാട്ട് അച്ചനെ നിർദേശിക്കുകയും ശ്രീമതി മോളി തോമസ് പിൻതാങ്ങുകയും ചെയ്തുകൊണ്ട് സെക്രട്ടറി നിയമനം മാനേജിംഗ് കൗൺസിൽ അംഗീകരിക്കുകയും കയ്യടിച്ച് പാസാക്കുകയും ചെയ്തു.

എക്സിക്യൂട്ടിവ് മീറ്റിംഗിൽ വന്ന നിർദേശമനുസരിച്ച് അടുത്ത ലോഗോസ് ക്വിസിന്റെ തിയതി സെപ്റ്റംബർ 25 ഉച്ചകഴിഞ്ഞ് 2.00മണി തൊട്ട് 3.30വരെയും മേഖലാതലം നവംബർ 6നും ഫൈനൽ പരീക്ഷ നവംബർ 19,20 തിയതികളിലും നടത്താൻ മാനേജിംഗ് കൗൺസിൽ അംഗീകാരം നല്കി. കഴിഞ്ഞ ലോഗോസിന്റെ തുടർച്ചയെന്നോണം ജോഷ്വ 1 മുതൽ 12 വരെയും, പ്രഭാഷകൻ 23മുതൽ 26വരെയും മർക്കോസ് 9മുതൽ 16 വരെയും 1 കോറിന്തോസ് 9 മുതൽ 16 വരെയുമുള്ള പാഠഭാഗങ്ങൾ മാനേജിംഗ് കൗൺസിലിൽ തീരുമാനമായി.

ഓഡിയോ ബൈബിളിന്റെ കാര്യങ്ങൾ ബഹുമാനപ്പെട്ട ജോൺസൺ പുതുശ്ശേരി അച്ചൻ പങ്കുവച്ചു. കത്തോലിക്കാ ബൈബിൾ ഒരു പ്രൊട്ടസ്റ്റന്റ് ഗ്രൂപ്പുമായി ചേർന്ന് മെഗാവോയ്സ് എന്ന പേരിൽ ഇറക്കിയെന്നും അവർതന്നെ സ്പോൺസേഴ്സിനെ കണ്ടെത്തി നിർധനരായ കിടപ്പുരോഗികളെയും വൃദ്ധസദനങ്ങളെയും ആദിവാസികളെയും ഉദ്ദേശിച്ചുകൊണ്ട് ആദ്യഘട്ടം നല്കിയ 200ഓളം ഡിവൈസുകൾ ഓരോ രൂപതയ്ക്കുമായി ഭാഗിച്ചു നല്കിയെന്നും രൂപതകൾവഴി അർഹരായവരുടെ പക്കൽ എത്തിച്ചുവെന്നും ജോൺസണച്ചൻ പറയുകയുണ്ടായി. പിന്നീടുലഭിച്ച ഇരുപതോളം ഡിവൈസുകൾ മാനേജിംഗ് കൗൺസിൽ അംഗങ്ങൾവഴി അർഹരായവർക്ക് എത്തിച്ചുകൊടുക്കണമെന്ന് ജോൺസണച്ചൻ പറയുകയുണ്ടായി. അതോടൊപ്പം ഒരു ഫോട്ടോ കൂടി അയയ്ക്കണമെന്ന് അച്ചൻ കൂട്ടിച്ചേർത്തു. ഈ ഡിവൈസിന്റെ ഉപയോഗക്രമവും ഇതിലടങ്ങിയിട്ടുള്ള പ്രാർഥനകളെക്കുറിച്ചുമെല്ലാം സെക്രട്ടറി ഫാ. ജോജു കോക്കാട്ട് എല്ലാവർക്കുമായി പറഞ്ഞു കൊടുത്തു. ഓഡിയോ ബൈബിൾ സംരംഭത്തിന് ബഹുമാനപ്പെട്ട ജോൺസണച്ചനെ അഭിനന്ദിക്കുകയും ചെയ്തു.

തുടർന്ന് മുൻമാനേജിംഗ് കൗൺസിൽ അംഗം ശ്രീ. മോഹനൻപിള്ളയുടെ വിയോഗത്തിൽ യോഗം അനുശോചിക്കുകയും അഭിവന്ദ്യ ചെയർമാൻ പിതാവിന്റെ നേതൃത്വത്തിൽ അനുസ്മരണ പ്രാർഥന നടത്തുകയും ചെയ്തു.

അജണ്ട പ്രകാരം പിന്നീട് മെമ്പർഷിപ്പ് പ്രൊമോഷനെക്കുറിച്ചുള്ള ചർച്ചയായിരുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ശക്തി എന്നു പറയുന്നത് ബൈബിൾ സൊസൈറ്റി തന്നെയാണെന്നും കൊറോണക്കാലത്ത് മുടങ്ങിപ്പോയ മെമ്പർഷിപ്പ് കാമ്പെയിനുകൾ വീണ്ടും തുടരണമെന്നും കൂടുതൽ ആളുകളെ ബൈബിൾ സൊസൈറ്റി അംഗങ്ങളാക്കണമെന്നും സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു.

15 വർഷം രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന ബൈബിൾ സൊസൈറ്റിയുടെ വാഹനത്തിന്റെ കാര്യമായിരുന്നു പിന്നീടുള്ള ചർച്ച. രജിസ്ട്രേഷൻ പുതുക്കണമെങ്കിൽ മോശം അവസ്ഥയിലുള്ള വാഹനമായതിനാൽ അറ്റകുറ്റ പണികൾക്ക് വലിയ ചിലവ് വരുമെന്നും 5 വർഷത്തിൽ കൂടുതൽ ഉപയോഗിക്കാൻ പറ്റില്ലെന്നും സെക്രട്ടറിയച്ചൻ കൂട്ടിച്ചേർത്തു. എക്സിക്യുട്ടിവിൽ വന്ന നിർദേശമനുസരിച്ച് പഴയവാഹനം എക്സ്ചേഞ്ച് ചെയ്തുകൊണ്ട് 15 ലക്ഷത്തിൽ താഴെയുള്ള സൗകര്യപ്രദമായ വാഹനം വാങ്ങാം എന്ന തീരുമാനം വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ മാനേജിംഗ് കൗൺസിലിൽ അവതരിപ്പിച്ചു. അവരത് അംഗീകരിക്കുകയും കയ്യടിച്ച് പാസാക്കുകയും ചെയ്തു.

തുർന്ന് ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ വെക്കേഷനോടനുബന്ധിച്ച് താമസിച്ചുള്ള ബൈബിൾ ക്ലാസുകൾ നടത്താൻ എക്സിക്യുട്ടിവ് കൗൺസിലിൽ നിർദേശം വന്നതനുസരിച്ച് മാനേജിംഗ് കൗൺസിലിൽ അക്കാര്യം അവതരിപ്പിച്ചു. ഏകദിന ക്ലാസായിട്ടോ താമസിച്ചുള്ള ക്ലാസുകളായിട്ടോ നടത്താനിരിക്കുമ്പോഴാണ് കൊറോണ വന്നതെന്നും തീരുമാനങ്ങൾ മാറ്റിയതെന്നും എല്ലാം മാറിയ സാഹചര്യത്തിൽ ഈ വെക്കേഷൻ കാലത്ത് നടത്തുന്നത് നല്ലതാണെന്നും ജോൺസണച്ചൻ പറയുകയുണ്ടായി. ഈ ബിബ്ലിക്കൽ സ്പിരിച്വാലിറ്റി കോഴ്സ് അഭിവന്ദ്യ പിതാവിന്റെ ഒരു സ്വപ്നമാണെന്നും എല്ലാവരുടെയും സഹായവും സഹകരണവും ഉണ്ടാകണമെന്നും സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു.

മാനേജിംഗ് കൗൺസിൽ അംഗം ശ്രീ. പി. കെ ജോസഫ് മുടങ്ങിപ്പോയ ബൈബിൾ ക്ലാസുകൾ തുടങ്ങണമെന്നും മതബോധന ടീച്ചേഴ്സിനെക്കൂടി ഉൾപ്പെടുത്തണം എന്നും നിർദേശം വച്ചു.

മെമ്പർഷിപ്പ് കാമ്പെയിന് പോകുമ്പോൾ ആളുകൾക്ക് വിശ്വാസ്യത വരുന്നതിന് ലെറ്റർ കൊടുക്കുന്നത് നല്ലതായിരിക്കും എന്ന് മാനേജിംഗ് കൗൺസിൽ അംഗം ശ്രീ. ജോയ് എൻ. ലാസർ അഭിപ്രായപ്പെട്ടു. അതിനുവേണ്ടി ബ്രോഷറുകൾ തയ്യാറാക്കാമെന്ന് സെക്രട്ടറിയച്ചൻ മറുപടി നല്കി. ഓൺലൈൻ ആയിട്ട് മെമ്പർഷിപ്പ് എടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നത് നല്ലതായിരിക്കും എന്ന് ശ്രീ. ജോൺ പോൾ പ്രവീൺ അഭിപ്രായപ്പെട്ടു.

ചർച്ചയ്ക്കുശേഷം സെക്രട്ടറി ഫാ. ജോജു കോക്കാട്ട് നന്ദിയർപ്പിച്ചു. ബൈബിൾ സൊസൈറ്റിക്ക് നേതൃത്വം നല്കുന്ന വചനത്തോട് ഏറ്റവും അടുത്ത് നില്ക്കുന്ന അഭിവന്ദ്യ പിതാവ് ജെയിംസ് ആനാപറമ്പിലിനും മറ്റു വിശിഷ്ഠ വ്യക്തികൾക്കും നന്ദിയർപ്പിച്ചു.

**യാത്രയയപ്പ് യോഗം**

ആറ് വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ബൈബിൾ സൊസൈറ്റിയിൽനിന്നും ബൈബിൾ കമ്മീഷനിൽനിന്നും വിരമിക്കുന്ന ബഹുമാനപ്പെട്ട ജോൺസൺ പുതുശ്ശേരി സി.എസ്.റ്റി. അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവും വൈസ്ചെയർമാൻ ജിസ്മോൻ തുടിയൻപ്ലാക്കൽ, വിജയപുരം ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. വർഗീസ് കൊട്ടേക്കാട്ട്, കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി, ഫാ. ജോസഫ് താമരവെളിയിൽ, മുൻ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. അഭിവന്ദ്യ പിതാവ് ഉപഹാരസമർപ്പണം നടത്തി. തുടർന്ന് ബഹുമാനപ്പെട്ട ജോൺസൺ പുതുശ്ശേരി അച്ചൻ മറുപടി പ്രഭാഷണം നടത്തുകയും കേക്ക് മുറിക്കുകയും ചെയ്തു. 4.30ഓടെ യാത്രയയപ്പ് സമ്മേളനം അവസാനിച്ചു. തുടർന്ന് ചായ സത്കാരവുമുണ്ടായിരുന്നു.

## 11. എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിംഗ് 27.03.2022

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് യോഗം 2022 മാർച്ച് 27ന് വൈകീട്ട് 9.00മണിക്ക് ഓൺലൈനായി കൂടുകയുണ്ടായി. 2022 മുതൽ 2025 വരെ സഭാനവീകരണ വർഷങ്ങളായി പ്രഖ്യാപിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ കെ.സി.ബി.സി.യുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സി.യുടെ കമ്മീഷനുകൾ തങ്ങളുടേതായ മേഖലകളിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളുടെ കർമപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായാണ് ഈ മീറ്റിംഗ് വിളിച്ചു ചേർത്തിരിക്കുന്നതെന്ന് സെക്രട്ടറി ഫാ. ജോജു കോക്കാട്ട് സ്വാഗതപ്രസംഗത്തിൽ പറയുകയുണ്ടായി. അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിനെയും മറ്റെല്ലാ ഭാരവാഹികളെയും യോഗത്തിലേക്ക് സെക്രട്ടറിയച്ചൻ സ്വാഗതം ചെയ്തു. അതിനുശേഷം അജണ്ട വായിച്ചു.

'സഭാനവീകരണം' എന്ന വിഷയത്തെ ആസ്പദമാക്കി അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് സംസാരിക്കുകയുണ്ടായി 2022 പെന്തക്കൊസ്ത ദിവസം മുതൽ 2025 പെന്തക്കൊസ്ത വരെ സഭാനവീകരണ വർഷങ്ങളായി ആചരിക്കുവാനുള്ള തീരുമാനം കഴിഞ്ഞ കെ.സി.ബി.സി.യിൽ വരികയും അതിന്റെ കോർ കമ്മിറ്റിയിൽ അംഗമാക്കപ്പെടുകയും ചെയ്തു എന്ന് പിതാവ് പറയുകയുണ്ടായി. ഏറെ വെല്ലുവിളികളിലൂടെ കടന്നുപോകുന്ന കാലഘട്ടത്തിൽ ഈ പ്രത്യേക ദൗത്യത്തിനായി നാം പ്രവർത്തിക്കണമെന്നും ഐക്യം, വിശുദ്ധി, സമർപ്പണം, പ്രേഷിതദൗത്യം എന്നിവയിൽ കൂടുതൽ ശക്തിപ്പെടണമെന്നും പിതാവ് പറയുകയുണ്ടായി. നവീകരണം ദൈവവചനത്തിലൂടെ സാധ്യമാക്കാനും ഇതിന്റെ ആപ്തവാക്യമായ 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന എഫേസോസിന്റെ ലേഖനം മുന്നോട്ടു വയ്ക്കുന്ന സഭാത്മകതയും ഐക്യവും ഈ ലേഖനത്തിന്റെ പഠന-പരിശീലന വിഷയമായി അവതരിപ്പിക്കുന്നതിനെപ്പറ്റിയും അഭിവന്ദ്യ പിതാവ് സംസാരിച്ചു.

തുടർന്ന് ബഹുമാനപ്പെട്ട ജോൺസൺ പുതുശ്ശേരി അച്ചനെ ക്ഷണിക്കുകയുണ്ടായി. അടുത്ത ഏപ്രിലിൽ ജീവധാരയുടെ ബൈബിൾ ഇഷ്യൂവിൽ വിവിധ ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നതായും ബൈബിൾ സംബന്ധിയായ പശ്ചാത്തലത്തോടുകൂടിയുള്ള ഒരു പഠനവും തയ്യാറാക്കുന്നതായും ജോൺസണച്ചൻ പറഞ്ഞു. പി.ഒ.സി.യിലും മേഖലാതലത്തിലും കോഴ്സുകൾ നടത്തുന്ന കാര്യവും ജോൺസണച്ചൻ സൂചിപ്പിച്ചു.

തുടർന്ന് ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ അച്ചൻ സംസാരിച്ചു. കേരളസഭയ്ക്ക് ബൈബിൾ ലഭ്യത ഉറപ്പാക്കിയത് പി.ഒ.സി.യും ബൈബിൾ കമ്മീഷനുമാണെന്നും ബൈബിൾ സ്പിരിച്വാലിറ്റിയിലൂടെയുള്ള സഭാനവീകരണം എന്ന ചിന്ത നല്ലതാണെന്നും അഭിപ്രായപ്പെട്ടു. എഫേസോസ് ലേഖനത്തെ അടിസ്ഥാനമാക്കി ബൈബിൾ കൂട്ടായ്മകൾ വളർത്തിയെടുക്കുന്നത് നല്ലതായിരിക്കും എന്ന് സെബാസ്റ്റ്യനച്ചൻ അഭിപ്രായപ്പെട്ടു. ബൈബിൾ പല രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ടെന്നും കൂടുതൽ ക്ലാസുകൾ സംഘടിപ്പിക്കണമെന്നും വൈസ്ചെയർമാൻ ജിസ്മോൻ തുടിയൻപ്ലാക്കൽ അഭിപ്രായപ്പെട്ടു.

തുടർന്ന് എക്സിക്യൂട്ടിവ് അംഗം ശ്രീ. ആന്റണി സച്ചിൻ സംസാരിച്ചു. സഭാനവീകരണം എന്ന ആശയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇവിടെ നടപ്പാക്കുന്ന പദ്ധതികൾ എത്രത്തോളം സാധാരണ ഇടവകവിശ്വാസികളിലേക്ക് എത്തുന്നു എന്നതിൽ നാം വളരെ പരാജയമാണെന്നും 68ലക്ഷം കത്തോലിക്കാ വിശ്വാസികളിലേക്കും യുവജനങ്ങളിലേക്കും ടീനേജ് പ്രായക്കാരിലേക്കും ഇത്തരത്തിലുള്ള വിവരങ്ങൾ എത്തിക്കുവാനുള്ള സംവിധാനത്തെക്കുറിച്ചാണ് നാം ആദ്യം ചിന്തിക്കേണ്ടതെന്നും ഇതിനുവേണ്ടിയായിരിക്കണം നമ്മൾ കൂടുതൽ പരിശ്രമിക്കേണ്ടതെന്നും ആന്റണി സച്ചിൻ അഭിപ്രായപ്പെട്ടു. വളരെ നല്ലൊരു അഭിപ്രായമാണെന്നും താഴെക്കിടയിലുള്ള വിശ്വാസികളിലേക്ക് വിവരങ്ങൾ എത്തിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാമെന്നും സെക്രട്ടറിയച്ചൻ ഉറപ്പു നല്കി. തുടർന്ന് ശ്രീമതി. ആലീസുകുട്ടി സംസാരിച്ചു. സ്കൂൾ ഓഫ് ഇവാഞ്ചലൈസേഷൻ എന്ന പേരിൽ 25 കൊല്ലമായി വിജയകരമായി നടത്തിവരുന്ന കോഴ്സിനെപ്പറ്റി സംസാരിച്ചു. തുടർന്ന് ശ്രീമതി ജാൻസി ജേക്കബ് സംസാരിച്ചു. വർഷങ്ങൾക്ക് മുമ്പ് മെമ്പർഷിപ് എടുത്തവർക്ക് ഇപ്പോൾ ബൈബിൾ സൊസൈറ്റിയുമായി ഒരു ബന്ധവുമില്ല. മെമ്പർഷിപ് എടുത്തിട്ടുള്ളവരെ വിളിച്ചു ചേർക്കണമെന്നും പഠനബൈബിൾ പോലെ നല്ല അറിവുകൾ അവരെ പരിചയപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടു. എല്ലാ അഭിപ്രായങ്ങളെയും ക്രോഡീകരിച്ചുകൊണ്ട് സെക്രട്ടറി ഫാ. ജോജു കോക്കാട്ട് സംസാരിച്ചു.

വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ ഊർജസ്വലമായി ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ മീറ്റിംഗ് 10.15ന് അവസാനിച്ചു.

## പ്രവർത്തന റിപ്പോർട്ട്

ഈ വർഷത്തെ ലോഗോസ് പരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ നടത്തുകയും ചോദ്യപേപ്പറുകളും ഉത്തരക്കടലാസ്സുകളും വചനപാരായണമാസാചരണത്തെ സംബന്ധിച്ച പോസ്റ്ററുകളും എല്ലാ രൂപതകളിലേക്കും അയച്ചുകൊടുക്കുകയും ചെയ്തു. ഈ വർഷം പുതുതായി പൂന-കട്ക്കി രൂപത പങ്കെടുത്തു. വിവിധ സ്ഥലങ്ങളിലായുള്ള ചെറിയ ഗ്രൂപ്പുകളാണ് പങ്കെടുക്കുന്നതിനാൽ അവർ ഓൺലൈനായാണ് പരീക്ഷയെഴുതിയത്.

ഡിസംബർ 7-ാം തീയതി നടന്ന കെസിബിസി സമ്മേളനത്തിന്റെ ഉദ്ഘാടനചടങ്ങിൽ പുതിയ ഓഡിയോ ബൈബിൾ പ്ലെയർ കെസിബിസി പ്രസിഡന്റ് അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി വിതരണോദ്ഘാടനം നിർവഹിച്ചു. ഒറ്റത്തടി നിലമ്പൂർതേക്കിലാണ് ഇതിന്റെ പുറംചട്ട തയ്യാറാക്കിയിരിക്കുന്നത്. ശ്രീ. സുനോജാണ്

ഈ സംരംഭത്തിന് നേതൃത്വം നല്കുന്നത്. പിഒസിയുടെ പരിഷ്കരിച്ച സുവിശേഷങ്ങളുടെ, ഡോ. തേജസ് മുൻകൈയെടുത്തു തയ്യാറാക്കിയ ഓഡിയോ ആപ്പ് കെസിബിസി വൈസ്പ്രസിഡന്റ് അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ പിതാവ് റിലീസ് ചെയ്തു.

ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ പഴയനിയമത്തിന്റെ പരിഷ്കരണം പൂർത്തിയായ ചരിത്രഗ്രന്ഥങ്ങളുടെ കോപ്പി കെസിബിസി മീറ്റിംഗിൽ ബൈബിൾ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ, കെസിബിസി പ്രസിഡന്റ് അഭിവന്ദ്യ കർദിനാൾ ജോർജ് ആലഞ്ചേരിക്ക് കൈമാറി. പിഒസി സമ്പൂർണബൈബിൾ പ്രസിദ്ധീകരിച്ചതിന്റെ നാല്പതാം വർഷത്തിന്റെ സ്മരണയ്ക്കായാണ് പരിഷ്കരിച്ച പഴയനിയമത്തിന്റെ ആദ്യഭാഗം മെത്രാൻ സമിതിക്ക് സമർപ്പിച്ചതെന്ന് അഭിവന്ദ്യ ആനാപറമ്പിൽ പിതാവ് പറഞ്ഞു. പരിഷ്കരണടീമിന്റെ കൊ-ഓർഡിനേറ്റർ ഫാ. ജോഷി മയ്യാറ്റിലും ഈ ചടങ്ങിൽ സന്നിഹിതനായിരുന്നു. പഴയനിയമത്തിന്റെ പരിഷ്കരിച്ച സമ്പൂർണപതിപ്പിന്റെ പ്രസിദ്ധീകരണചുമതല ഫാ. ജോൺസൺ പുതുശ്ശേരിയെ കെസിബിസി ഭരമേല്പിച്ചു.

ഈ വർഷത്തെ വചനപാരായണമാസം ഡിസംബർ മാസത്തിൽ സമുചിതമായി ആചരിച്ചു. ഈ വർഷവും ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ രൂപതകളിൽ ബൈബിൾ പാരായണം സംഘടിപ്പിച്ചു. ബൈബിൾ പാരായണമാസത്തിന്റെ ഉദ്ഘാടനം ഇടുക്കിരൂപതയിൽ പണിക്കൻകുടി ഇടവകയിലെ വി. ജോൺ മരിയ വിയാനി ദേവാലയത്തിൽ രൂപതയുടെ വികാരിജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിച്ചു. ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി, സി. ആഗ്നസ് ജോർജ് സി.റ്റി.സി., ശ്രീ മനു തോമസ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ബൈബിൾ ഞായറായി ആഘോഷിച്ച ഡിസംബർ 19-ാം തീയതി ഇരിങ്ങാലക്കുട രൂപതയിലെ പൂവത്തുശ്ശേരി ഇടവകയിൽ സെക്രട്ടറിയച്ചൻ വിശുദ്ധ കുർബാനയർപ്പിക്കുകയും ഇടവകദേവാലയത്തിൽ രാത്രി 7 മുതൽ 8 വരെ സംഘടിപ്പിച്ച 100 പേർ പങ്കെടുത്ത സമ്പൂർണ തിരുവചനമണിക്കൂറിനു നേതൃത്വംകൊടുക്കുകയും ചെയ്തു.

വചനപാരായണമാസത്തിന്റെ സമാപനം ആലപ്പുഴരൂപതയിലെ വാടയ്ക്കലിലെ ദൈവജനമാതാ ദേവാലയത്തിൽ സംഘടിപ്പിച്ചു. ബൈബിൾ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ വിശുദ്ധബലിയർപ്പിക്കുകയും സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി വചനസന്ദേശം നല്കുകയും ചെയ്തു. തുടർന്നു നടന്ന സമാപന സമ്മേളനത്തിൽ രൂപതയിലെ ബൈബിൾശുശ്രൂഷയിൽ സംഭാവനകൾ നല്കിയവരെയും ലോഗോസ് മത്സരവിജയികളെയും ആദരിച്ചു. സി. ആഗ്നസ് ജോർജ്, ശ്രീ. ജോൺ പോൾ എന്നിവരും ഈ ചടങ്ങിൽ സംബന്ധിച്ചു. ഈ മൂന്നു ഇടവകകളിലും ഒരുദിവസം നീണ്ടുനിന്ന വചനപാരായണം സംഘടിപ്പിക്കുകയും വചനശുശ്രൂഷയെ പ്രോത്സാഹിപ്പിക്കാൻ ബൈബിൾ കമ്മീഷൻ സൗജന്യബൈബിൾവിതരണം നടത്തുകയും ചെയ്തു. ബൈബിൾ കമ്മീഷൻ ഈ വർഷം നിർദേശിച്ച തിരുവചനമണിക്കൂർ ആചരണം നിരവധി ഇടവകകളിലും കൂട്ടായ്മകളിലും വളരെ ഭംഗിയായി സംഘടിപ്പിക്കപ്പെട്ടു.

കൊറോണകാരണം നീട്ടിവച്ച ലോഗോസ് ക്വിസിന്റെ രൂപതാതലപരീക്ഷകൾ ഡിസംബർ 19ന് നടന്നു. മാനേജിംഗ് കൗൺസിൽ അംഗങ്ങൾ പരീക്ഷാകേന്ദ്രങ്ങൾ

സന്ദർശിച്ചു. കൂടിച്ചേരലുകൾക്ക് നിയന്ത്രണങ്ങൾ ഉള്ളതിനാൽ പരിമിതമായി പരീക്ഷ നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും മൂന്നുലക്ഷത്തോളംപേർ ഇതിൽ സംബന്ധിച്ചു. പരീക്ഷാനടത്തിപ്പിൽ ആകാംക്ഷയുണ്ടായിരുന്നതിനാൽ ഈ വർഷം ഗ്രൂപ്പുവിഭജന മില്ലാതെയാണ് പരീക്ഷ നടത്തിയത്. കേരളത്തിലെ 30 രൂപതകളും പുറത്തുള്ള 7 രൂപതകളും മത്സരത്തിൽ പങ്കെടുത്തു.

ലോഗോസ് 2021ന്റെ മെഗാഫൈനൽ 2022 ജനുവരി 15ന് പിഒസിയിൽവച്ചു നടന്നു. ഓരോ രൂപതയിൽനിന്നും രണ്ടുപേർമാത്രം പങ്കെടുത്ത ഫൈനൽ മത്സരത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ ജെസ്സി ജോസ് മാണിക്കത്താൻ ഒന്നാമതെത്തി 2021-ലെ ലോഗോസ് പ്രതിഭയായി. തൃശൂർ അതിരൂപതാംഗമായ ആനി ജോർജ് രണ്ടാം സ്ഥാനത്തിനും പാലക്കാട് രൂപതാംഗമായ ലൈല ജോൺ മൂന്നാം സ്ഥാനത്തിനും ആലപ്പുഴ രൂപതാംഗമായ റാണി ആന്റണി നാലാം സ്ഥാനത്തിനും വരാപ്പുഴ അതിരൂപതാംഗമായ മേരി മേഴ്സി കൊറയ അഞ്ചാം സ്ഥാനത്തിനും അർഹരായി.

ഉച്ചകഴിഞ്ഞ് 3 മണിക്ക് നടന്ന സമ്മേളനത്തിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ചെയർമാൻ ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ വിജയികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു. പ്രതിഭയുടെ രൂപതയ്ക്കുള്ള തോമാ മല്പാൻ എവർറോളിംഗ് ട്രോഫി പ്രതിഭയും പ്രതിഭയുടെ രൂപതാംഗങ്ങളും ഏറ്റുവാങ്ങി. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയ മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാപുരസ്കാരത്തിന് അർഹനായ ഡോ. സെബാസ്റ്റ്യൻ കിഴക്കെയിലിനുള്ള ട്രോഫിയും 25000 രൂപയും ഈ മീറ്റിംഗിൽവച്ചു നല്കി.

വചനശുശ്രൂഷാമേഖലയിൽ സംഭാവനചെയ്യുന്ന അത്മായരെ ആദരിക്കുന്നതിന്റെ ഭാഗമായി രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ നിർദേശിച്ചവരിൽനിന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ശ്രീ. അനിൽ കുമാർ, കൊല്ലം രൂപതയിലെ സാൻജോ ഫെബിൻ, നിധി ഫെബിൻ, എറണാകുളം അതിരൂപതയിലെ ശ്രീ. സജീവ് പാറേക്കാട്ടിൽ എന്നിവർക്ക് കെസിബിസി ബൈബിൾ കമ്മീഷന്റെ പേരിൽ മെമെന്റോ നല്കി ആദരിച്ചു.  ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സര വിജയികൾക്കുള്ള സമ്മാനങ്ങളും ഈ വേദിയിൽവച്ചു നല്കപ്പെട്ടു.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പുറത്തിറക്കിയ 2000 രൂപ വിലയുള്ള ഓഡിയോ ബൈബിൾ പ്ലെയർ വൃദ്ധസദനങ്ങൾ, റീഹബിലിറ്റേഷൻ സെന്ററുകൾ, ആദിവാസികൾ തുടങ്ങിയവർക്ക് മെഗാവോയ്സുമായി സഹകരിച്ച് സൗജന്യമായി വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം അഭിവന്ദ്യ ജെയിംസ് പിതാവ് നിർവഹിച്ചു. മെഗാവോയ്സിന്റെ പ്രതിനിധി ശ്രീ. ആൻഡ്രൂസ് ചടങ്ങിൽ സന്നിഹിതനായിരുന്നു. കേരളത്തിൽ എല്ലാ രൂപതകളിലുമായി 300 ഓഡിയോ പ്ലയറുകൾ വിതരണം ചെയ്തു.

2022 ഏപ്രിൽ മാസത്തിൽ അർജന്റീനയിൽവച്ചു നടക്കുന്ന കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ പ്ലീനറി അസംബ്ലിക്കായുള്ള ഓൺലൈൻചർച്ചകളിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി സംബന്ധിച്ചു. ആറുവർഷത്തിൽ ഒരിക്കലാണ് ഈ അസംബ്ലി സംഘടിപ്പിക്കപ്പെടുന്നത്.

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിനു സഹായകമാകുന്ന വിധത്തിൽ

ബൈബിളിലെ 73 പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന ഹ്രസ്വവീഡിയോകൾ ബൈബിൾ കമ്മീഷൻ യുട്യൂബ് ചാനലിൽ അപ്‌ലോഡുചെയ്തു. ഇതിന്റെ ഇംഗ്ലീഷിലുള്ള ക്ലാസുകളും ബൈബിളിലെ പുസ്തകങ്ങളെക്കുറിച്ചുള്ള ഏതാനും യുട്യൂബ് ക്ലാസുകളും തയ്യാറാക്കുന്നു. ബൈബിൾ കറസ്‌പോണ്ടൻസ് കോഴ്‌സിന് 'ബൈബിൾ പഠനത്തിന് ഒരാമുഖം' നാല്പത്തഞ്ചാമത്തെ പുസ്തകമായി പുറത്തിറക്കി. പരിഷ്കരിച്ച പിഒസി ബൈബിൾ അടിസ്ഥാനമാക്കിയുള്ള പുതിയനിയമം പഠനബൈബിൾ രണ്ടാമത്തെ എഡീഷൻ ഒറ്റ വാല്യമായി പ്രസിദ്ധീകരിക്കാൻ തയ്യാറാക്കി. ബൈബിൾ സ്റ്റോറിൽ മഴക്കാലത്ത് വെള്ളംകയറുന്നതിനാൽ, അതിന്റെ തറനിരപ്പ് ഉയർത്തി സുരക്ഷിതമാക്കി.

പിഒസി തയ്യാറാക്കിയ സ്കെയിലനുസരിച്ച് ബൈബിൾ സൊസൈറ്റിയിലും കമ്മീഷനിലും ജോലിചെയ്യുന്നവരുടെ ശമ്പളം വർധിപ്പിച്ചു.

മാർച്ച് ഒന്നാം തിയതി ഉച്ചകഴിഞ്ഞ് ഡോ. ജോജു കോക്കാട്ട് ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും പുതിയ സെക്രട്ടറിയായി ചാർജെടുത്തു.

## ജോൺസൺ അച്ചന് നന്ദിയുടെ നറുമലരുകൾ



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സെക്രട്ടറിയായി കഴിഞ്ഞ ആറുവർഷം സ്തുത്യർഹമായ സേവനം ചെയ്ത ജോൺസണച്ചന് അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ യോഗത്തിൽ യാത്രയയപ്പ് നല്കി. ബൈബിൾ പ്രേഷിതത്വത്തിൽ വിസ്മയങ്ങളുടെ ലോകം തീർക്കുവാൻ ബഹുമുഖ പ്രതിഭയായ ജോൺസണച്ചന് സാധിച്ചു. ബൈബിൾ റിവിഷൻ ടീമിന്റെ പരിഷ്കരിച്ച പുതിയനിയമവിവർത്തനം പുസ്തകരൂപത്തിലായത് ബഹുമാനപ്പെട്ട ജോൺസണച്ചന്റെ പ്രയത്നം ഒന്നുകൊണ്ടു മാത്രമായിരുന്നു. ലോഗോസ് ക്വിസ് ലോകത്താകമാനം വ്യാപിപ്പിക്കുവാൻ അച്ചന്റെ മികവുറ്റ നേതൃത്വത്തിനു കഴിഞ്ഞു. ബൈബിൾ കമ്മീഷന്റെ ബൈബിൾ പരിഷ്കരണ പ്രോജക്റ്റ് പൂർത്തിയാക്കുവാൻ ജോൺസണച്ചൻ പിഒസിയിൽ തുടരുന്നത് വലിയ സന്തോഷത്തോടെയാണ് ഏവരും സ്വാഗതം ചെയ്യുന്നത്.

## സ്വാഗതം



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സെക്രട്ടറിയായി നിയമിതനായ ഡോ. ജോജു കോക്കാട്ടിന് സൊസൈറ്റി അംഗങ്ങളുടെ പ്രാർഥനകളും വിജയാശംസകളും! പാരിസ് സർവകലാശാലയിൽനിന്നും ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടിയ ജോജു അച്ചൻ ഇരിങ്ങാലക്കുട രൂപത പോട്ട ലിറ്റിൽ ഫ്ളവർ ഇടവകാംഗമാണ്.

## ബൈബിൾ വിതരണം

2021-2022 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കും രൂപതകൾക്കുമായി സബ്സിഡി നിരക്കിൽ 7739 ബൈബിളുകൾ നല്കപ്പെട്ടു. ഇതിനായി 395505 രൂപ സൊസൈറ്റി ചെലവഴിച്ചു. പുതുതായി ചേർന്ന അംഗങ്ങൾക്കും രൂപതകൾക്കുമായി 695 സമ്പൂർണബൈബിളും 1000 പുതിയനിയമവും സൗജന്യമായി നല്കുകയുണ്ടായി.

## അംഗത്വനില

ലഭ്യമായ കണക്കുകളനുസരിച്ച് 2022 മാർച്ച് 31-ാം തീയതി വരെ സൊസൈറ്റിയിൽ ആകെ 14623 അംഗങ്ങളുണ്ട്.

### സൊസൈറ്റി അംഗത്വത്തിന്റെ നില വെളിവാക്കുന്ന പട്ടിക

| അംഗത്വം | പുതുക്കിയ നിരക്ക് | 11.12.90 മുതൽ 31.3.21 വരെ | 1.4.21 മുതൽ 31.3.22 വരെ | ആകെ* |
|---|---|---|---|---|
| ഓർഡിനറി | - | 7200 | 0 | 7200 |
| സ്പെഷ്യൽ | 1000 | 4089 | 5 | 4094 |
| ലൈഫ് | 2000 | 2613 | 5 | 2618 |
| സ്പെഷ്യൽ ലൈഫ് | 10000 | 168 | 1 | 169 |
| സ്പോൺസർ ലൈഫ് | 20000 | 75 | 1 | 76 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 197 | 0 | 197 |
| പാരിഷ് ഓർഡിനറി | 5000 | 219 | 0 | 219 |
| പാരിഷ് ലൈഫ് | 20000 | 50 | 0 | 50 |
| **ആകെ** | | **14611** | **12** | **14623** |

* അപ്ഗ്രേഡു ചെയ്ത അംഗത്വങ്ങൾ ഉൾപ്പെടെ

********************************************************************************

**2023-ലെ ലോഗോസ് പഠനഭാഗങ്ങൾ**

*ജോഷ്വ 13-24; പ്രഭാഷകൻ 27-33; ലൂക്കാ 1-8; 2 കോറിന്തോസ് 1-6*

********************************************************************************

# ജെസ്സി ജോസ് മാണിക്കത്താൻ ലോഗോസ് പ്രതിഭ




കെസിബിസി ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ അഖിലേന്ത്യ ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ ഒന്നാമതെത്തി എറണാകുളം അതിരൂപതയിലെ ജെസ്സി ജോസ് മാണിക്കത്താൻ, 2021-ലെ ലോഗോസ് പ്രതിഭയായി. കൊറോണവ്യാപനംമൂലം 2019ലെ മത്സരത്തിനു ശേഷം നടത്തിയ പരീക്ഷയിൽ ജെസ്സി മൂന്നു ലക്ഷം പേരിൽ നിന്നാണ് ഒന്നാം സ്ഥാനത്തെത്തിയത്. തൃശൂർ അതിരൂപതാംഗമായ ആനി ജോർജ് രണ്ടാം സ്ഥാനത്തിനും പാലക്കാട് രൂപതാംഗമായ ലൈല ജോൺ മൂന്നാം സ്ഥാനത്തിനും ആലപ്പുഴ രൂപതാംഗമായ റാണി ആന്റണി നാലാം സ്ഥാനത്തിനും വരാപ്പുഴ അതിരൂപതാംഗമായ മേരി മേഴ്സി കൊറയ അഞ്ചാം സ്ഥാനത്തിനും അർഹരായി. ആഗോളതലത്തിൽ ഏറ്റവും കൂടുതൽപേർ പങ്കെടുക്കുന്ന ഈ വചനോപാസനയിൽ ഇത്തവണ കേരളത്തിലും പുറത്തുനിന്നുമായി 37 രൂപതകളിൽനിന്നുള്ളവർ പങ്കെടുത്തു.

## ലോഗോസ് ക്വിസ് 2021-ലെ സംസ്ഥാനതല ജേതാക്കൾ

ഒന്നാം സമ്മാനം



**ലോഗോസ് പ്രതിഭ**
**ജെസ്സി ജോസ് മാണിക്കത്താൻ**
എറണാകുളം അങ്കമാലി അതിരൂപത

രണ്ടാം സമ്മാനം



**ആനി ജോർജ്**
തൃശ്ശൂർ അതിരൂപത

മൂന്നാം സമ്മാനം



**ലൈല ജോൺ**
പാലക്കാട് രൂപത

നാലാം സമ്മാനം



**റാണി ആന്റണി**
ആലപ്പുഴ രൂപത

അഞ്ചാം സമ്മാനം



**മേരി മേഴ്സി കൊറെയ**
വരാപ്പുഴ അതിരൂപത

## ഇരുപത്തിരണ്ടാം അഖിലകേരള
## ലോഗോസ് ക്വിസ് - 2022

| | | |
|---|---|---|
| **പാഠഭാഗങ്ങൾ** | : | ജോഷ്വ 1-12; പ്രഭാഷകൻ 23-26;<br>മർക്കോസ് 9-16; 1 കോറിന്തോസ് 9-16 |
| **രജിസ്ട്രേഷൻ** | : | ജൂൺ 2022 |
| **പരീക്ഷാ സമയം** | : | 25 സെപ്റ്റംബർ 2022 |

**ഗ്രൂപ്പുകൾ**

| | | |
|---|---|---|
| A വിഭാഗം | - | 1.1.2011 നും അതിനുശേഷവും ജനിച്ചവർ |
| B വിഭാഗം | - | 1.1.2006 നും 31.12.2010 നും ഇടയ്ക്ക് ജനിച്ചവർ |
| C വിഭാഗം | - | 1.1.1991 നും 31.12.2005 നും ഇടയ്ക്ക് ജനിച്ചവർ |
| D വിഭാഗം | - | 1.1.1971 നും 31.12.1990 നും ഇടയ്ക്ക് ജനിച്ചവർ |
| E വിഭാഗം | - | 1.1.1958 നും 31.12.1970 നും ഇടയ്ക്ക് ജനിച്ചവർ |
| F വിഭാഗം | - | 31.12.1957 നും അതിനുമുമ്പും ജനിച്ചവർ |

ഓൺ-ലൈൻ രജിസ്ട്രേഷന്: www.logosquiz.org
visit: www.keralabiblesociety.com

## പരിഷ്കരിച്ച പഴയനിയമത്തിന്റെ ബൈബിൾ ആദ്യഭാഗം പ്രകാശനം



പി.ഒ.സി. ബൈബിൾ പ്രസിദ്ധീകരിച്ചിട്ട് 40വർഷം തികയുന്നതിന്റെ ഓർമയ്ക്ക് പരിഷ്കരിച്ച പഴയനിയമത്തിന്റെ ഒന്നാംഭാഗം പ്രസിദ്ധീകരിച്ചു.

## ഓഡിയോ ബൈബിൾ പ്ലെയർ വിതരണോദ്ഘാടനം



ശ്രീ. സുനോജിന്റെ നേതൃത്വത്തിൽ, തേക്കിൻതടിയിൽ തീർത്ത പുറംചട്ടയോടുകൂടെ തയ്യാറാക്കിയ ഓഡിയോ ബൈബിൾ പ്ലെയർ കെ.സി.ബി.സി. പ്രസിഡന്റ് അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി വിതരണോദ്ഘാടനം നിർവഹിച്ചു.


## മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം റവ. ഫാ. സെബാസ്റ്റ്യൻ കിഴക്കെയിലിന്




കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിട്ടുള്ള വചനസർഗ പ്രതിഭാ അവാർഡിന്റെ ഈ വർഷത്തെ പുരസ്കാരം റവ. ഡോ. സെബാസ്റ്റ്യൻ കിഴക്കെയിലിന്. ബൈബിൾ വൈജ്ഞാനികമേഖലയിൽ നല്കിക്കൊണ്ടിരിക്കുന്ന സംഭാവനകൾക്കാണ് ഈ വർഷം പ്രതിഭാപുരസ്കാരം നല്കുന്നത്. സെന്റ് തോമസ് മിഷനറി സൊസൈറ്റി അംഗമായ ഫാ. സെബാസ്റ്റ്യൻ കണ്ണൂർ പരിയാരത്തുള്ള സാന്തോം സെന്ററിൽ ബൈബിൾ പ്രസിദ്ധീകരണരംഗത്തു പ്രവർത്തിക്കുന്നു. മലയാളഭാഷയിലും ഇംഗ്ലീഷ് ഭാഷയിലുമായി 36 ബൈബിൾ പഠനഗ്രന്ഥങ്ങളും 26 ഇതരഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഗുഡ്നെസ് ടിവിയിൽ 1000-ൽപരം ബൈബിൾപഠന എപ്പിസോഡുകൾ പൂർത്തിയാക്കിയ അദ്ദേഹം വിവിധ സെമിനാരികളിൽ ബൈബിൾ പ്രൊഫസറുമാണ്. ബൈബിളിലെ വിവിധ പുസ്തകങ്ങൾ ആധാരമാക്കി ആദ്ദേഹം പ്രസിദ്ധീകരിക്കുന്ന സാന്തോം ബൈബിൾ വ്യാഖ്യാനഗ്രന്ഥങ്ങൾ ബൈബിൾ വൈജ്ഞാനികമേഖലയിൽ വലിയ മുതൽക്കൂട്ടാണ്. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി നല്കുന്ന വചനസർഗ പ്രതിഭാപുരസ്കാരവും അവാർഡ് തുകയായ 25,000 രൂപയും 2022 ജനുവരി 15-നു പി.ഒ.സി.യിൽ ഉച്ചകഴിഞ്ഞ് 1.30 മണിക്കു നടന്ന ചടങ്ങിൽവച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ അവാർഡുജേതാവിനു സമ്മാനിച്ചു.

## ബൈബിൾ സംബന്ധിയായ സംഭാവനകൾ നല്കിയവരെ ആദരിച്ചു


അനിൽകുമാർ


സാൻജോ ഫെബിൻ


നിധി ഫെബിൻ


സജീവ് പാറേക്കാട്ടിൽ

വചനാശുശ്രൂഷാ മേഖലയിൽ സംഭാവന ചെയ്യുന്ന അല്മായരെ ആദരിക്കുന്നതിന്റെ ഭാഗമായി രൂപതാബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ നിർദേശിച്ചവരിൽനിന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ശ്രീ. അനിൽകുമാർ, കൊല്ലം രൂപതയിലെ സാൻജോ ഫെബിൻ, നിധി ഫെബിൻ, എറണാകുളം അതിരൂപതയിലെ ശ്രീ. സജീവ് പാറേക്കാട്ടിൽ എന്നിവർക്ക് കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ പേരിൽ മെമന്റോ നല്കി ആദരിച്ചു.

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ – 2022

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്.

ചെറുകഥ ആറുപേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ്: 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല.

**രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.**

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു:

**പൊതുവിഷയം: സഭാനവീകരണം: "സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എഫേസോസ് 2,20-22.**

(എഫേസോസുകാർക്കെഴുതിയ ലേഖനം മുഴുവനും പ്രത്യേകമായി എഫേ 2,20-22; 5,22-30; 4,4-6; 1 കോറി 3,16-17; ഏശ 40,31 ff; ആമോസിന്റെ പുസ്തകം; മത്തായി18)

**ഗ്രൂപ്പ്നമ്പർ 1:** അല്മായർ

**വിഷയം:** സഭാനവീകരണം അല്മായരുടെ വീക്ഷണത്തിൽ

**ഗ്രൂപ്പ്നമ്പർ 2:** സെമിനാരി വിദ്യാർഥികൾ

**വിഷയം:** സഭാനവീകരണം സെമിനാരി വിദ്യാർഥികളുടെ വീക്ഷണത്തിൽ

**ഗ്രൂപ്പ്നമ്പർ 3:** സന്യാസിനികൾ

**വിഷയം:** സഭാനവീകരണം സന്യാസിനികളുടെ വീക്ഷണത്തിൽ

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യ പത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO / DD / Bank transfer to KCBC Bible Commission A/c No. 0423053000006271, IFSC: SIBL0000423, SWIFT: SOININ55, South Indian Bank, Vennala branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്.

**കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2022 ഒക്ടോബർ 15 ആണ്.**

*കൃതികൾ അയയ്ക്കേണ്ട വിലാസം:*

സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി-682028.

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സരങ്ങൾ 2021-ലെ വിജയികൾ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2021-ൽ അഖില കേരളതലത്തിൽ സംഘടിപ്പിച്ച സാഹിത്യ രചനാമത്സരത്തിൽ സമ്മാനാർഹരായവരുടെ പേരുവിവരം 1, 2, 3, സ്ഥാനക്രമമനുസരിച്ച് താഴെ ചേർക്കുന്നു. സാഹിത്യ രചനാമത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ 2022 ജനുവരി 15ന് പി.ഒ.സി.യിൽവച്ചു നടന്ന ലോഗോസ് ക്വിസിന്റെ സമ്മാനദാനചടങ്ങിൽ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് വിതരണം ചെയ്തു.

**കവിത**

| | |
|---|---|
| 1. സി. രാജൻ | കണ്ണൂർ |
| 2. ആന്റണി കൈതാരത്ത് | ഇരിങ്ങാലക്കുട |
| 3. ജിസ് പി. പോൾ | എറണാകുളം |

**ചെറുകഥ**

| | |
|---|---|
| 1. ബ്രദർ ആൽബർട്ട് വാളുവെട്ടിക്കൽ | തലശ്ശേരി |
| 2. പ്രിൻസ് എസ്. സാംസൺ | തലശ്ശേരി |
| 3. ദീപാ തോമസ് | ഇരിങ്ങാലക്കുട |

**ഏകാങ്കം**

| | |
|---|---|
| 1. സാബു തോമസ് | എറണാകുളം |
| 2. അഡ്വ. ഫ്രാൻസിസ് എ.സി. | കോഴിക്കോട് |
| 3. ബ്രദർ പള്ളിപ്പറമ്പിൽ റൂബൻ വെൻസസ് | തിരുവല്ല |

**ലേഖനം - അല്മായർ**

| | |
|---|---|
| 1. ആൻസമ്മ ജോസ് ഉറുമ്പേനിരപ്പേൽ | കാഞ്ഞിരപ്പള്ളി |
| 2. സിറിയക് പുറക്കാട്ട് | എറണാകുളം |
| 3. സിനി ജോൺസൺ | തൃശൂർ |

**ലേഖനം - സന്യാസിനികൾ**

| | |
|---|---|
| 1. സി. മോളി ദേവസ്സി എഫ്. എം.എം | കൊച്ചി |
| 2. സി. ലിറ്റ പി.റ്റി. | എറണാകുളം |
| 3. സി. നൈസി സി.എസ്.സി | ഇരിങ്ങാലക്കുട |

**ലേഖനം - സെമിനാരി വിദ്യാർത്ഥികൾ**

| | |
|---|---|
| 1. ബ്രദർ. പള്ളിപ്പറമ്പിൽ റൂബൻ വെൻസസ് | വടവാതൂർ സെമിനാരി |
| 2. ബ്രദർ. ടോണി മധുരപ്പുഴ | മംഗലപ്പുഴ സെമിനാരി |
| 3. ബ്രദർ. ഷാന്റോ സത്യൻ റ്റി.ഒ.ആർ | മംഗലപ്പുഴ സെമിനാരി |

## സായാഹ്ന ബൈബിൾ ക്ലാസ് ഉദ്ഘാടനം



ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള സന്ദേശത്തിൽ ദൈവവചനം ദൈവനിവേശിതമാകുന്നതും, അപ്രമാദിത്യമുള്ളതാണെന്നും ദൈവത്തിന്റെ ദാനമാണെന്നും, എന്നാൽ ബൈബിളിന്റെ പ്രമാണികത്വം കാനോനികത തുടർന്നുകൊണ്ടുപോകേണ്ടത് മനുഷ്യന്റെ ഭാഗത്ത് നിന്നുള്ള ഉത്തരവാദിത്വമാണെന്നും ആ ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഈ ക്ലാസുകൾ മാറണമെന്നും ഓർമപ്പെടുത്തി. തുടർന്ന് മുൻ സെക്രട്ടറി ഡോ. ജോൺസൺ പുതുശ്ശേരി മുഖ്യപ്രഭാഷണം നടത്തി, മൂലഭാഷകളോട് തർജമകൾ ചേർന്നു പോകേണ്ട ആവശ്യകതയും അതില്ലാതെ വരുമ്പോൾ സംഭവിക്കുന്ന കുറവുകളും ചൂണ്ടിക്കാട്ടിക്കൊണ്ട് ബൈബിൾ ക്ലാസുകൾ ഇന്നിന്റെ ആവശ്യമാണെന്ന് അദ്ദേഹം ഊന്നിപറഞ്ഞു. കമ്മീഷൻ സെക്രട്ടറി ഡോ. ജോജു കോക്കാടൻ ഈ വർഷത്തെ ക്ലാസുകൾ ബൈബിളിലെ പുസ്തകങ്ങളുടെ രചനയും പശ്ചാത്തലവും മുഖ്യമായി പരിഗണിക്കുമെന്നറിയിച്ചു. ബൈബിൾ ക്ലാസ് പ്രതിനിധി ജോസഫ് പി.കെ ആശംസകളറിയിച്ചു. സി. ആഗ്നസ് C.T.Cയുടെയും സി. സോളി D.C.P.B യുടെയും പ്രാർഥനയോടെ ആരംഭിച്ച യോഗം ബൈബിൾ സൊസൈറ്റി ജോയിന്റ് സെക്രട്ടറി കൊച്ചുത്രേസ്യ സൈമണിന്റെ നന്ദി പ്രകാശനത്തോടെ സമാപിച്ചു.

## പി.ഒ.സി. ബൈബിൾ റിവിഷൻ ടീം



## ബൈബിൾ ക്ലാസ് യുട്യൂബ് ചാനലിൽ

ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള ബൈബിൾ ക്ലാസുകൾ
KCBC Bible Commission യുട്യൂബ് ചാനലിൽ ലഭ്യമാണ്.
Subscribe: *KCBC Bible Commission Youtube Channel*

## ബൈബിൾ പാരായണമാസം



ബൈബിൾ പാരായണമാസത്തിന്റെ 2021-ലെ ഉദ്ഘാടനം ഇടുക്കി രൂപതയിൽ പണിക്കൻകുടി ഇടവകയിലെ വി. ജോൺ മരിയ വിയാനി ദേവാലയത്തിൽ രൂപതയുടെ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിച്ചു. ഡോ. ജോൺസൺ പുതുശ്ശേരി, സി. ആഗ്നസ് ജോർജ്, ശ്രീ. മനു തോമസ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.






വചനപാരായണമാസത്തിന്റെ സമാപനം ആലപ്പുഴ രൂപതയിലെ വാടയ്ക്കലിലെ ദൈവജനമാതാ ദേവാലയത്തിൽ സംഘടിപ്പിച്ചു. സമ്മേളനത്തിൽ ലോഗോസ് മത്സര വിജയികളെ ആദരിച്ചു.



### ഓഡിയോ ബൈബിൾ പ്ലെയർ

ഡോ. തേജസ് മുൻകൈഎടുത്ത് തയ്യാറാക്കിയ പി.ഒ.സി.യുടെ പരിഷ്കരിച്ച സുവിശേഷങ്ങളുടെ ഓഡിയോ ആപ്പ് കെ.സി.ബി.സി. വൈസ്പ്രസിഡന്റ് അഭിവന്ദ്യ പിതാവ് വർഗീസ് ചക്കാലക്കൽ റിലീസ് ചെയ്തു.

## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗ പ്രതിഭാ പുരസ്കാരത്തിന് 2022-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000/- രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.ഈ വർഷത്തെ വിഷയം ബൈബിൾ സാഹിത്യമാണ്. (മലയാളത്തിൽ മൂന്നു കോപ്പി വീതം നല്കണം) നോവൽ, കഥ, കവിതാസമാഹാരം, നാടകം, വിശുദ്ധ നാട് യാത്രാവിവരണം ഇത്തരത്തിലുള്ള സാഹിത്യരചനകൾ സ്വീകരിക്കും. 2017 മുതലുള്ള രചനകളാണ് സ്വീകരിക്കപ്പെടുക. ജാതിമതഭേദമെന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദേശിക്കാവുന്നതാണ്.

2022 ഒക്ടോബർ 31-നു മുമ്പ് *സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി - 682 025* എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.

* * * * *